# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുരുവട്ടൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി-3/798/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുരുവട്ടൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുരുവട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി-3/798/2020 തീയ്യതി: 20/03/2021

## കോഴിക്കോട് ജില്ലയിലെ കുരുവട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 13-07-2020 | 29-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-07-2020 | 29-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| | | | |
|---|---|---|---|

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അപ്പുക്കുട്ടൻ.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. നിഷാന്ത് .ആർ | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീമതി .റോസമ്മ ജേക്കബ്ബ് | സെക്രട്ടറി | 12-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .ഷീജ.സി | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ശശി കുമാർ | ഹെഡ്മാസ്റ്റർ | 01-04-2019 | 17-06-2019 |
| ശ്രീ.ഹംസ് | ഹെഡ്മാസ്റ്റർ | 18-06-2019 | 04-10-2019 |
| ശ്രീ.അബ്ദുൾകരീം | ഹെഡ്മാസ്റ്റർ | 05-10-2019 | 31-03-2020 |
| ശ്രീമതി സ്വപ്ന | കൃഷി ഓഫീസർ | 01-04-2019 | 28-09-2019 |
| ശ്രീ.രൂപക്.ടി | കൃഷി ഓഫീസർ | 29-09-2019 | 31-03-2020 |
| ഡോ.ജെസ്സി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ജിഷ എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-03-2019 | 31-03-2020 |
| ശ്രീമതി .അനുലിബ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 06-12-2019 |
| ശ്രീമതി. ശർമിള | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 07-12-2019 | 31-03-2020 |
| ശ്രീമതി .ജ്യോതിലക്ഷമി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 04-12-2019 |
| ശ്രീമതി. വത്സല | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-12-2019 | 31-03-2020 |
| ഡോ.സുജ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു ജോസഫ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ.നിഷാന്ത് .ആർ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-1 |
| 2 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-6 |
| 7 | തൻവർഷം നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-9 |
| 10 | മാവേലി സ്റ്റോറിന് മുറി വാടക ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-10 |
| 11 | 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-11 |
| 12 | ചെക്ക്- തുക ഇത് വരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തത് സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-12 |
| 13 | പരാതികളിൽ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-13 |
| 14 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-14 |

| | | |
|---|---|---|
| 15 | എസ്.എസ്.എ പദ്ധതി യുടെ വിനിയോഗവിവരം ലഭ്യമായില്ല<br>Written By: Hari. K.P (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-15 |
| 16 | വനിത വ്യവസായ കേന്ദ്രം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചു<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-16 |
| 17 | കുടിവെള്ള/ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-17 |
| 18 | എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നില്ല<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-18 |
| 19 | പദ്ധതി ആസൂത്രണ/രൂപീകരണത്തിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-19 |
| 20 | സമഗ്ര വിദ്യാഭ്യാസം- പദ്ധതിനടത്തിപ്പിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-20 |
| 21 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗവിവരം ലഭ്യമായില്ല<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-21 |
| 22 | ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതി മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ട പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-23 |
| 24 | വികസന ഫണ്ട് അധികതുക ചെലവഴിച്ചു<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-24 |
| 25 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ലഭ്യമാക്കിയില്ല<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-25 |
| 26 | അങ്കണവാടി വർക്കർ ഹെൽപ്പർ അധിക വേതനം വിതരണം ചെയ്തത് സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-26 |
| 27 | എസ്.സി.വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ പദ്ധതി നടപ്പിലാക്കിയില്ല<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-27 |
| 28 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതി ആവശ്യതയ്ക്കനുസരിച്ച് മരുന്ന് ലഭിച്ചില്ല<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-28 |

| | | |
|---|---|---|
| 29 | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-29 |
| 30 | ഗുണനിലവാരം ഉറപ്പു വരുത്താതെ ഭക്ഷ്യ മിശ്രിതം വിതരണം ചെയ്തു<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-30 |
| 31 | കിണർ റീചാർജിങ്ങ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-31 |
| 32 | കമ്പ്യൂട്ടർ പ്രിന്ററർ വാങ്ങൽ പദ്ധതിനടത്തിപ്പിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-32 |
| 33 | കന്നുകുട്ടി പരിപാലന പദ്ധതി - ഫണ്ട് വിനിയോഗം സംമ്പന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-33 |
| 34 | പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കലും അനുബന്ധ പ്രവർത്തനങ്ങളും പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 17-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-34 |
| **ഭാഗം 2** | | |
| 1 | ചെക്ക്- തുക ഇത് വരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തത് സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 2-1 |
| 2 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 2-2 |
| **ഭാഗം 3** | | |
| 1 | വനിത വ്യവസായ കേന്ദ്രം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചു<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 3-1 |
| 2 | കിണർ റീ ചാർജിങ്ങ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 3-2 |
| 3 | വികസന ഫണ്ട് അധിക തുക ചെലവഴിച്ചു<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 3-3 |
| **ഭാഗം 4** | | |
| 1 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |

| | | |
|---|---|---|
| | Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hari. K.P (Audit Officer (HG), On 17-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-5 |
| 6 | വായ്പ തിരിച്ചടവ്<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hari. K.P (Audit Officer (HG), On 17-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Hari. K.P (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2019-20 ലെ ബജറ്റ് 17-03-2020 തീയതിയിലെ 64/2020 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

**ന്യൂനതകളുടെ സംഗ്രഹം**

1. കെട്ടിട വാടക രജിസ്റ്റർ പ്രകാരം തൻ വർഷത്തെ ഡിമാന്റ് 130448/- ആണ്, എന്നാൽ ഇൻകം ന&എക്സ്പെന്റിച്ചർ എകൗണ്ട് ഷെഡ്യൂൾ I -3 പ്രകാരം ഇത് 127448 ആണ്
2. കെട്ടിട വാടക രജിസ്ററർ പ്രകാരം തൻ വർഷത്തെ വരവ് 108412/- ആണ്, എന്നാൽ ആർ പി 43 പ്രകാരം ഇത് 103012 ആണ്
3. കെട്ടിട നികുതി DCB സ്റ്റേറ്റ്മെന്റ് ലെ ബാലൻസ് , കെട്ടിട നികുതി രജിസ്റ്റർ പ്രകാര മുള്ള കുടിശ്ശിക, ബാലൻസ് ഷീറ്റിലെ ഷെഡ്യൂള് 15 എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന പൊരുത്തക്കേടുകൾ ശ്രദ്ധയിൽ പെട്ടു.

| ക്രമ നം | ഇനം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം | ബാലൻസ് ഷീറ്റിലെ ഷെഡ്യൂള് 15 പ്രകാരം |
|---|---|---|---|
| 1 | കെട്ടിട നികുതി(റെസി) അരിയർ | 3120 | 2170 |
| 2 | കെട്ടിട നികുതി(റെസി) കറണ്ട് | 105271 | 103101 |
| 3 | കെട്ടിട നികുതി( നോൺറെസി) കറണ്ട് | 118122 | 81386 |
| | | കെട്ടിടനികുതി രജിസ്ററര് പ്രകാരം | ബാലൻസ് ഷീറ്റിലെ ഷെഡ്യൂള് 15 പ്രകാരം |
| 1 | കെട്ടിട വാടക | 22036 | 19036 |

4. തൻ വർഷത്തെ ഡേപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂള് 07 പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.
5. അഡ്വാൻസ് രജിസ്ററര് പ്രകാരം Temporary Advance For Official Purpose'-989356/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B 18 പ്രകാരം ഇത് 989257/- ആണ്
6. വാർഷിക കണക്കിൽ ,അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10799359/- |
| വരവ് | 70175056/- |
| ആകെ | 80974415/- |
| ചെലവ് | 71892288/- |
| [illegible] | [illegible] |

| | |
|---|---|
| നീക്കിയിരിപ്പ് | 9082127/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12923799 | 12923799 | 12923799 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6456459 | 6456459 | 6456459 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4753916 | 4753916 | 4753916 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2898659 | 2898659 | 2898659 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5060912 | 5060912 | 5060912 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 19927037 | 19927037 | 19927037 | 0 |
| | അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 65486 | 992035 | 1057521 | 992035 | 65486 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 585666 | 2620000 | 3205666 | 3153750 | 51916 |
| | ജില്ലാ പഞ്ചായത്ത് | 967449 | 450000 | 1417449 | 935367 | 482082 |

എം.ജി.എൻ.ആർ.ഇ.ജി.എസ്, ജോയിന്റ് വെഞ്ചർ അക്കൗണ്ട് എന്നിവ ഒഴികെയുള്ള ഫണ്ടുകളിലെ നീക്കിയിരിപ്പ് വർഷാവസാനം ലാപ്സായിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ആകെ ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 129 | 73 | 10 | | | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 65486 | 992035 | 1057521 | 992035 | 65486 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 19927037 | 19927037 | 19927037 | |

## 1-7 തൻവർഷം നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 104800 | 115 |
| കർഷക തൊഴിലാളി പെൻഷൻ | 2298000 | 846 |
| വിധവാ പെൻഷൻ | 7294800 | 2550 |
| വാർദ്ധക്യ കാലപെൻഷൻ | 11163000 | 4066 |
| വികലാംഗ പെൻഷൻ | 2039300 | 684 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1080000 | 392 |
| വിവാഹധനസഹായം | 270000 | 9 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2020 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 50481/- രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ചെക്ക് &ഡ്രാഫ്റ്റ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർണമല്ല. വിവിധ പെൻഷൻ പദ്ധതികളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പഞ്ചായത്തിൽ ലഭിക്കുന്ന പരാതികളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല (ഭാഗം 1 ഖണ്ഡിക 13കാണുക). ഫ്രന്റ് ഓഫീസ് കലക്ഷൻ അതെ ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പൂർണമായും ബാങ്ക്/ട്രഷറിയി അകൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ് .ഇക്കാര്യം ഉറപ്പ് വരുത്തുന്നതിൽ വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ അയയ്ക്കുന്ന കത്തിന്റെ വിവരങ്ങളോ ചെലവഴിക്കുന്ന സ്റ്റാമ്പിന്റെ തുകയോ രേഖപ്പെടുത്തുന്നില്ല.

പ്രതിമാസ മാസത്തെ ബാങ്ക് റീകൺസീലിയെഷൻ തോട്ടടുത്ത മാസം 5 തിയതിക്ക് മുമ്പായി നടത്തി 10 തിയതിക്കകം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിക്ക് മുമ്പാകെ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇന്ധനം നിറക്കുന്നതിന്റെ വിവരങ്ങളും റിപ്പയർ വിവരങ്ങളും യഥാസമയം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ കത്തുകളുടെ വിശദാംശങ്ങളോ അയയ്ക്കാൻ ചെലവഴിക്കുന്ന സ്റ്റാമ്പിന്റെ തുകയോ ചേർക്കുന്നില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മാവേലി സ്റ്റോറിന് മുറി വാടക ഈടാക്കാത്തത് സംബന്ധിച്ച്

കുരുവട്ടൂർ ഗ്രാമ പഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രത്തിലെ 17/748,749,750 റൂമുകളിൽ 03/07/2010 മുതൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഭരണ സമിതിയുടെ 2010 ലെ 34(4)/10 തീരുമാന പ്രകാരം 3 വർഷത്തേക്ക് വാടകയില്ലാതെയും, അതിനു ശേഷം പി ഡബ്ലിയു ഡി ബിൽഡിങ് സെക്ഷൻ വാല്യവേഷൻ നടത്തി തീരുമാനിക്കുന്ന വാടക നിരക്കുമായിരുന്നു നിശ്ചയിച്ചിരുന്നത്. ഇത് പ്രകാരം 03/07/2013 മുതൽ മാവേലി സ്റ്റോറിന് വാടക നിശ്ചയിച്ച് ഈടാക്കേണ്ടതായിരുന്നു.ഇത് ചെയ്തിട്ടില്ല.

കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 29/03/2013, 01/08/2018 ,03/03/2020 തിയതികളിൽ സപ്ലൈക്കോ ഡിപ്പോ മാനേജർ പഞ്ചായത്തിന് കത്ത് നൽകിയെങ്കിലും നടപടിയൊന്നും സ്വീകരിച്ചില്ല.

മേൽ മുറികൾക്ക് 03/07/2013 മുതൽ വാടക നിശ്ചയിച്ച് ഈടാക്കാത്തത് കൊണ്ട് പഞ്ചായത്തിന് വരവിനത്തിൽ വലിയ നഷ്ടമാണ് സംഭവിച്ചത്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 1-11 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6),

പരിശോധിച്ചപ്പോൾ 12 ച.മി വരെ വിസ്തൃതിയുള്ള 46പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. 12 ച.മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളതാവാൻ സാധ്യത കുറവാണ്. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മി) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 12/83<br>12/84<br>12/85<br>12/87 | 8<br>8<br>8<br>8 | നാസർ,സഫീറ,കൈലടിപറമ്പിൽ, പറമ്പിൽ,673012, |
| 2 | 15/342<br>15/343 | 10.53<br>10.53 | വി ശിരോമണി,കുഴമ്പുറത്ത് |

ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധിക്കേണ്ടതും അവ വാണിജ്യക്കെട്ടിടങ്ങൾ ആണെങ്കിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

<u>1-12 ചെക്ക്- തുക ഇത് വരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തത് സംബന്ധിച്ച്</u>

2019-20 വർഷം എസ്സാർ ടെൽകോം ഇൻസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും കെട്ടിട നം 18/227 A മൊബൈൽ ടവറിന്റെ വസ്തു നികുതിയിനത്തിൽ 15424/ രൂപയുടെ ചെക്ക് ലഭിച്ചിരുന്നു. ചെക്കിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ലഭിച്ച തിയതി | ചെക്ക് നം/തിയതി | നൽകിയ രസീതി നം |
|---|---|---|
| 28-09-2019 | 607072/04-07-2019 | 11902050006 |

ഈ ചെക്ക് കോ-ഓപറേറ്റീവ് ബാങ്കിൽ അതേ ദിവസം കളക്ഷനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്,റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചപ്പോൾ ഈ തുക ഓഡിറ്റ് തിയതി വരെ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല എന്ന് വ്യക്തമായി.

സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ 2019-20 വർഷത്തെ ഈ മൊബൈൽ ടവറിന്റെ കെട്ടിട നികുതി മേൽ രസീതി പ്രകാരം അടവാക്കിയത് പോസ്റ്റ് ചെയ്യുകയും അത് സെക്രട്ടറി അംഗീകരിക്കുകയും ചെയ്തിട്ടുമുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തത് കൊണ്ട് വരവ് നഷ്ടം സംഭവിച്ചു. ഈ ചെക്ക് ഇത് വരെയും മാറാത്തതിന് കാരണം വ്യക്തമാക്കാനും ,ഇത് മൂലമുണ്ടായ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാനും ആവശ്യപ്പെട്ടു

നൽകിയ അന്വേഷണക്കിറിപ്പിന് നൽകിയ മറുപടിയിൽ, ചെക്ക് കാലാവധി കഴിഞ്ഞത് കൊണ്ടാണ് ബാങ്കിൽ നിന്നും മടക്കിയതെന്നും, ചെക്ക് മാറ്റി നൽകിയിട്ടില്ലെങ്കിൽ നിയമ നടപടികളടക്കം സ്വീകരിക്കുമെന്നറിയിച്ചു കൊണ്ട് എസ്സാർ ടെൽകോമിന് കത്തെഴുതിയിട്ടുണ്ടെന്നും അറിയിച്ചു. വരവ് നഷ്ടം 15424/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പരാതികളിൽ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച്

ഫയൽ നം ബി 1/4168/2019

പഞ്ചായത്തിലെ ചെറുവറ്റ പ്രദേശത്ത് അനധികൃതമായി അന്യ സംസ്ഥാന തൊഴിലാളികളെ പഞ്ചായത്തിന്റെ താമസ അനുമതിയില്ലാതെ , മുറിയിൽ ഉൾകൊള്ളാവുന്നതിലധികം ആളുകളെ കുത്തി നിറച്ച് താമസിപ്പിക്കുന്ന കെട്ടിടങ്ങളുടെ മാലിന്യ സംഭരണികൾ പൊട്ടി സമീപ പ്രദേശത്തെ ജന ജീവിതം ദുസ്സഹമായി എന്ന് കാണിച്ചു കൊണ്ട് പ്രദേശത്തെ 111 പേർ ഒപ്പിട്ട പരാതി12/07/2019 ന് പഞ്ചായത്തിന് സമർപ്പിച്ചു . ഈ പരാതിയിൽ അന്വോഷണം നടത്തി റിപ്പോർട്ട് സമർക്്ുന്നതിനായി 22/07/2019 ന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി. ഒരു വർഷം കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഫയൽ നം ബി 1/6730/2019

പഞ്ചായത്തിലെ 14 വാർഡിൽ ശ്രീ സൈദലവി എന്ന വ്യക്തിയുടെ ഫ്ലാറ്റിന്റെ മുൻ വശത്ത് വെച്ച് സ്ഥിരമായി പ്ലാസ്റ്റിക്ക് കത്തിക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീമതി ജെസ്ലിൻ പി കെ 25/10/2019 ന് പരാതി സമർപ്പിച്ചിരുന്നു .ഈ പരാതിയിൽ അന്വോഷണം നടത്തി റിപ്പോർട്ട് സമർക്്ുന്നതിനായി 12/12/2019 ന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി.ഏഴ് മാസം കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയ പരാതികളിൽ തുടർ നടപടി സ്വീകരിക്കാൻ കാല താമസമുണ്ടാവുന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു. ഈ പരാതികളിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 1-14 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു. (പാര 2-2 കാണുക)

**1-15 എസ്.എസ്.എ പദ്ധതി യുടെ വിനിയോഗവിവരം ലഭ്യമായില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 62/19 -20

അടങ്കൽ - 611430

ചെലവ് - 611430

ബിൽ നമ്പർ,തിയ്യതി - 3/19-20/08.08.2019)

പഞ്ചായത്തിൽ 2019-20 വർഷത്തിൽ എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിനായി 611430 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം ഓഫീസർ പദ്ധതി പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതും പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിൽ നടത്തിയ ഇടപെടലുകളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. 611430 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-16 വനിത വ്യവസായ കേന്ദ്രം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചു**

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ : 896740/- വികസനഫണ്ട് ജനറൽ

ചെലവ് : 301528/-ബിൽ നം.71/18-19/29.3.19

594909/-ബിൽ നം.33/19-20/8.9.219

വനിതാ വ്യവസായ കേന്ദ്രത്തിന്റെ ഒന്നാം നിലയിൽ റൂം തിരിക്കാനും, ഫ്ലോറിംഗിനും വേണ്ടിയുള്ള പദ്ധതിയാണിത്. ലാറ്ററൈറ്റ് ഉപയോഗിച്ച് ഇടച്ചുമരുകൾ പണിത് പ്ലാസ്റ്ററിംഗ് നടത്തി പെയിന്റിംഗും, നിലം ടൈൽ ചെയ്യുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. ഈ ടെണ്ടർ നടത്തി ഏറ്റവും കുറവ് നിരക്ക് (എസ്റ്റിമേറ്റിൽ നിന്നും 15.76% താഴെ)ക്വാട്ട് ചെയ്ത മുഹമ്മദ് അഷ്റഫ് ഇ.പി. എന്ന കരാറുകാരന് പ്രവർത്തി നൽകി. ഓഡിറ്റിന്റെ ഭാഗമായി പ്രവർത്തി സ്ഥലം 23.7.20 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

- എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 9 പ്രകാരം ഫ്ലോറിംഗിനായി വെള്ള, ഐവറി, ഗ്രേ, ഫ്ലൂം റെഡ് ബ്രൗൺ എന്നീ നിറങ്ങളൊഴികെയുള്ള 300 X 300mm വിസ്തൃതിയുള്ള റെക്ടിഫൈഡ് സെറാമിക് ടൈലുകളാണ് ഉൾപ്പെടുത്തിയിരുന്നത് (DAR ഐറ്റം നമ്പർ 11.40). എന്നാൽ യഥാർത്ഥത്തിൽ ഫ്ലോറിംഗിനായി ഉപയോഗിച്ചിരിക്കുന്നത് ഗ്രേ നിറത്തിലുള്ള ടൈലാണ്. ഈയിനം ടൈലിന് മറ്റു നിറത്തിലുള്ള ടൈലിനേക്കാൾ നിരക്ക് കുറവാണ്. അളവു പുസ്തകം നമ്പർ 235/16-17 പേജ് 32 പ്രകാരം ആകെ 313.45 ച.മീ.വിസ്തൃതിയിൽ ടൈൽ വിരിച്ചതിന് 1000/-രൂപ നിരക്കിൽ (1236.69/- രൂപയുടെ 19.14% കുറഞ്ഞ നിരക്ക്) 313450/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രേ നിറത്തിലുള്ള മേൽ അളവിലുള്ള ടൈലിന് DAR ഐറ്റം 11.39 പ്രകാരം ഒരു ച.മീറ്റർ വിസ്തൃതിയ്ക്ക് 1128.82/- രൂപ നിരക്കാണുള്ളത്. ഇത് കരാറുകാരൻ ക്വാട്ട് ചെയ്ത 19.14% നിരക്ക് കുറവ് കണക്കാക്കിയാൽ ച.മീറ്ററിന് 912.81 രൂപ നിരക്ക് മാത്രമേ നൽകേണ്ടതുള്ളൂ. അതായത് യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക 286120.29/-(313.45 X 912.81) രൂപയാണ്. ഈയിനത്തിൽ കരാറുകാരന് അധികമായി 27330/-രൂപ നൽകിയിട്ടുണ്ട്.

- ഇടഭിത്തി നിർമ്മാണത്തിന് ലാറ്ററൈറ്റ് മേസൻറി 2.1മീറ്റർ ഉയരത്തിൽ നൽകി, അതിനു മുകളിൽ ലിന്റലും, പിന്നീട് മുകളിൽ വീണ്ടും 0.85മീറ്ററിൽ ലാറ്ററൈറ്റ് മേസൻറി നടത്തുകയാണുണ്ടായത്. പ്രവർത്തി നേരിട്ട് പരിശോധിച്ചപ്പോൾ ഇടഭിത്തികൾക്ക് ലിന്റൽ നൽകി ബലപ്പെടുത്തിയിട്ടുണ്ടോയെന്ന് സംശയിക്കും വിധം, ഭിത്തിയുടെ മൂന്നു സൈഡിലും പ്ലാസ്റ്ററിംഗ് കെട്ടിടത്തിന്റെ കോളം സ്ട്രക്ച്ചറിൽ നിന്നും വിള്ളൽ വീണ നിലയിലാണ്. എല്ലാ ഭിത്തിയിലും ഈ വിള്ളൽ രൂപപ്പെട്ടിട്ടുണ്ട്. പ്രവർത്തിയുടെ ഗുണമേന്മ ഉറപ്പുവരുത്തും വിധം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഫയലിലില്ല.
- 2018-19 വർഷത്തിൽ വിഭാവനം ചെയ്ത പുതിയ പ്രോജക്ടാണിത്. തൻവർഷം പ്രവർത്തിയുടെ പാർട്ട് ബിൽ തയ്യാറാക്കി തുക നൽകിയിട്ടുണ്ട്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം 28.3.2019 ന് മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ച് അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തിയുടെ ബാക്കി തുക നൽകിയിരിക്കുന്നത് 2019-20 വർഷത്തിലാണ്. ഇതിനായി 2019-20 വർഷത്തിൽ ഈ പദ്ധതി വീണ്ടും പുതിയ പദ്ധതിയായി ആവിഷ്കരിച്ചു. സ്പിൽഓവർ ആക്കുന്നതിന് പകരം പുതിയ പദ്ധതിയായി ആവിഷ്കരിച്ചതെന്തിനാണെന്ന് വ്യക്തമല്ല.
- മുകളിൽ വിവരിച്ച പ്രകാരം പാർട്ട് ബിൽ നൽകിയപ്പോൾ നിയമപ്രകാരം പിടിച്ചു വയ്ക്കേണ്ട റീടെൻഷൻ തുക പിടിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, കരാറുകാരന് അധികമായി നൽകിയ 27330/-രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-17 കുടിവെള്ള/ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം

2018-19, 2019-20 വർഷങ്ങളിലായി പഞ്ചായത്ത് നടപ്പാക്കിയ വിവിധ കുടിവെള്ള/ജലസേചന പദ്ധതികൾ പരിശോധിച്ചപ്പോൾ പദ്ധതി നിർവ്വഹണത്തിൽ വിവിധ തരം അപാകതകൾ വന്നിട്ടുള്ളതായും, പ്രവർത്തി പൂർത്തീകരണത്തിന് വർഷങ്ങളെടുക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു,

### പുൽപറമ്പിൽ മാരാത്ത് മീത്തൽ കുടിവെള്ള പദ്ധതി

2018-19 വർഷത്തിൽ ഈ കുടിവെള്ള പദ്ധതിക്കായി രണ്ടു പ്രോജക്ടുകളാണുള്ളത്. ഒരെണ്ണം സ്പിൽഓവർ പദ്ധതിയും(പ്രോ.നം.196/19) മറ്റൊന്ന് പുതിയ പ്രോജക്ടും(നം.118/19). മേൽ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

- പ്രോജക്ട് നമ്പർ 118/19 കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിന്റെ നിർമ്മാണത്തിനും, പൈപ്പ് ലെയിംഗിനും ഡിസ്ട്രിബ്യൂഷനും വേണ്ടിയുള്ളതാണ്(തൻവർഷത്തെ പുതിയ പ്രോജക്ട്). ഈ പദ്ധതി ഫയൽ പരിശോധിച്ചപ്പോൾ പ്രോജക്ട് പ്രകാരമുള്ള പ്രവർത്തികളെല്ലാം 2017-18 വർഷ കാലയളവിൽ(28.6.2017ന് ) പൂർത്തീകരിച്ചിട്ടുള്ളതായി കണ്ടു.
- ടെണ്ടർ ചെയ്ത ഈ പ്രവർത്തി ശ്രീ.വിജീഷ്.പി.ആർ എന്ന കരാറുകാരൻ 17.1.2017 ന് കരാർ ചമച്ച് ഏറ്റെടുത്തിട്ടുണ്ട്. അളവു പുസ്തകങ്ങൾ നമ്പർ 183/16-17, 186/16-17 എന്നിവ പ്രകാരം 1.2.2017 മുതൽ 28.6.2017 വരെയുള്ള കാലയളവിൽ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ആറോളം പുതിയ പ്രവർത്തികളുടെ അളവുകൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തികൾ 4.2.2017 മുതൽ 18.5.2017 വരെയുള്ള ദിവസങ്ങളിലാണ് നടത്തിയിട്ടുള്ളത്.
- 28.6.2017 ന് പ്രവർത്തി പൂർത്തീകരിച്ച് ബിൽ തുക 604056/-രൂപയായി കണക്കാക്കിയെങ്കിലും പ്രസ്തുത വർഷത്തിൽ ഇതിനായി പദ്ധതി രൂപീകരിച്ചിട്ടില്ലാത്തതിനാൽ തുക നൽകാൻ സാധിച്ചില്ല. 19.12.2017 ന് അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിയ്ക്കയച്ച

AE/LSGD/KURUVATTOOR/2017/18 നമ്പർ കത്തിൽ 2017-18 വർഷത്തിൽ ഇതിനായി പ്രോജക്ടില്ലാത്തതിനാൽ പുതിയ പ്രോജക്ട് തയ്യാറാക്കി തുക വകയിരുത്താൻ ആവശ്യപ്പെട്ടിരുന്നു.

- എന്നാൽ മുകളിൽ വിവരിച്ച പ്രകാരം എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവർത്തികൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല. 8.5.2018 ലെ ഭരണസമിതി തീരുമാനം 20 പ്രകാരമാണ് എസ്റ്റിമേറ്റ് പുതുക്കാൻ അംഗീകാരം നൽകിയത്. എസ്റ്റിമേറ്റ് പുതുക്കാൻ കാരണമായി പറയുന്നത് പമ്പ് ഹൗസ് നിർമ്മിച്ച സ്ഥലം ചതുപ്പായതിനാൽ ഡി.ആർ നൽകി പമ്പ് ഹൗസ് നിർമ്മിക്കാൻ സാധിക്കില്ലെന്നും, ആയതിനാൽ ആർ.സി.സി. കൊടുത്ത് ചെയ്യണമെന്നും, പൈപ്പിന്റെ അലൈൻമെന്റ് മാറിയതിനാൽ നീളം അധികരിച്ചുവെന്നുമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലം പരിശോധിച്ചിരുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.
- 2017-18 വർഷത്തെ ഐ.കെ.എം. ചെലവ് പത്രികയിൽ ഈ കുടിവെള്ള പദ്ധതിയ്ക്കായി മൂന്നു വ്യത്യസ്ത പ്രോജക്ടുകൾ ഉള്ളതായി കാണാം. രണ്ടു സ്പിൽ ഓവർ പ്രവർത്തിയും, ഒരു പുതിയ പ്രോജക്ടും. ഈ മൂന്നു പദ്ധതികൾക്ക് പുറമേയാണ് മേൽ വിവരിച്ച വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടു പോയ പദ്ധതി. അതായത് ഒരേ വർഷം വ്യത്യസ്തമായ നാലു പദ്ധതികളിലൂടെയാണ് ഒരു കുടിവെള്ള പദ്ധതി നടപ്പാക്കിയിരുന്നത്. ഒരേ സമയം വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുമ്പോൾ എങ്ങിനെ ശരിയായ മേൽനോട്ടം നടത്തുന്നുവെന്ന് വ്യക്തമല്ല. ഇത്തരത്തിൽ ശരിയായ മേൽനോട്ടത്തിന്റെ അഭാവം തന്നെയാണ് നിലവിൽ ആരംഭിച്ച് അളവ് രേഖപ്പെടുത്തിയ പദ്ധതി പോലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടു പോയ അവസ്ഥയുണ്ടാക്കിയത്.
- എസ്റ്റിമേറ്റ് പുതുക്കി പുതിയ പദ്ധതി 2018-19 ൽ രൂപീകരിച്ചാണ് മേൽ പ്രവർത്തിയുടെ തുക കരാറുകാരന് നൽകിയത്.
- ഈ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായോയെന്ന് വ്യക്തതയില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല
- ഈ പദ്ധതി പ്രവർത്തനക്ഷമമാണെങ്കിൽ തുടർ പ്രവർത്തനങ്ങൾക്ക് ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതും, വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഈ പദ്ധതിയുടെ 2014-15 വർഷത്തെ അംഗീകരിച്ച പ്രോജക്ടിന്റെ പകർപ്പിൽ(പ്രോ.നം.176/15) ഈ പദ്ധതിയ്ക്ക് മുൻകാലത്തിൽ ഡി.പി.സി. അംഗീകാരം ലഭിച്ചിരിക്കുന്നത് 01.07.2013 ലാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും ഈ പദ്ധതിയുടെ തുടക്കം 2013-14 വർഷത്തിലാണെന്ന് അനുമാനിക്കാം. 2013-14 വർഷം ആരംഭിച്ച പദ്ധതി പൂർത്തീകരിക്കാൻ ഇത്രയും കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വ്യക്തമാക്കേണ്ടതാണ്. ഒരേ സമയം പദ്ധതിയ്ക്കായി ഒന്നിലധികം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

<u>വളച്ചുകെട്ടി വള്ളേ്യക്കാട്ട് കുടിവെള്ള പദ്ധതി</u>

2018-19 വർഷത്തിൽ രണ്ടു പ്രോജക്ടുകളാണ് ഈ പദ്ധതിയ്ക്കായുള്ളത്. തൻവർഷം വിഭാവനം ചെയ്ത പുതിയ പ്രോജക്ടുകളാണിവ. ഒരു പ്രോജക്ടിൽ പുതിയ കിണറിന്റെ നിർമ്മാണവും, പമ്പ് ഹൗസ് നിർമ്മാണവും, അടുത്ത പ്രോജക്ടിൽ കിണറിന് ഗ്രിൽ ഇടുന്നതുമാണ് ഉൾപ്പെടുത്തിയത്. രണ്ടു പദ്ധതിയുടേയും ഫണ്ടിനം വികസനഫണ്ട് എസ്.സി.പി.യാണ്. പ്രോജക്ടുകളിൽ വിഭാവനം ചെയ്തതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട്/അടങ്കൽ | പ്രവൃത്തികളുടെ വിശദാംശം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | വളച്ചകെട്ടി വള്ളേ്യക്കാട്ട് കുടിവെള്ള പദ്ധതി<br>695944/- | പ്രോജക്ടിൽ പുതിയ കിണറിന്റെ നിർമ്മാണവും, പമ്പ് ഹൗസ് നിർമ്മാണവും വിഭാവനം ചെയ്തിരുന്നെങ്കിലും എസ്റ്റിമേറ്റിൽ കിണറിനുള്ള ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയത്. |
| 2 | വളച്ചകെട്ടി വള്ളേ്യക്കാട്ട് കുടിവെള്ള പദ്ധതി<br>കിണറിന് ഗ്രിൽ പമ്പ് ഹൗസ് 64996/- | കിണറിന് ഗ്രില്ലും, പമ്പ് ഹൗസിനുമായി വിഭാവനം ചെയ്തെങ്കിലും എസ്റ്റിമേറ്റിൽ ഗ്രില്ലിനുള്ള ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയത്. |

മേൽ പദ്ധതിയിൽ പുതിയ കിണർ നിർമ്മാണമാണ് നടന്നിരിക്കുന്നത്. നിലവിലെ കിണറിന്റെ അവസ്ഥയെന്താണെന്നത് സംബന്ധിച്ച വിവരങ്ങളോ, പുതിയത് നിർമ്മിക്കാനുള്ള സാഹചര്യവും വ്യക്തമല്ല. പദ്ധതിയ്ക്കായി വികസനഫണ്ട് എസ്.സി.പി.യാണ് വകയിരുത്തിയത്. 29.1.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/ത.സ്വ.ഭ.വ, ഖണ്ഡിക 6.1.6 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പട്ടികജാതി ഉപപദ്ധതി വിഹിതം മുഴുവനായി വകയിരുത്തണമെങ്കിൽ, ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാകണം. പട്ടികജാതിക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ സാമൂഹ്യഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കണം. എന്നാൽ മേൽ പദ്ധതിയിൽ ഇത്തരത്തിൽ ഗുണഭോക്താക്കളുടെ വിശദാംശം ഉൾപ്പെടുത്തുകയോ, സാമൂഹ്യഭൂപടം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പട്ടികജാതി വർക്കിംഗ് ഗ്രൂപ്പിൽ ഈ കുടിവെള്ള പദ്ധതിയെ സംബന്ധിച്ചോ, പുതിയൊരു കിണറിന്റെ ആവശ്യകതയെ സംബന്ധിച്ചോയുള്ള ചർച്ചകൾ നടന്നിട്ടില്ല. ഇത്തരത്തിലൊരു പദ്ധതി ഉയർന്നു വന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2019-20 വർഷത്തിൽ ഈ പദ്ധതിയുടെ തുടർ പ്രവൃത്തികൾക്കായി(പമ്പ് ഹൗസ്, ടാങ്ക്, മോട്ടോർ) 500000/- രൂപ വികസനഫണ്ട് എസ്.സി.പി. അടങ്കലിൽ പുതിയൊരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അഞ്ചു ലക്ഷം അടങ്കലുള്ള മേൽ പ്രോജക്ട് ഈടെണ്ടർ ചെയ്യാതെയാണ് കരാറുകാരന് ഏൽപ്പിച്ചു നൽകിയത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക വിഭാഗങ്ങൾക്കുള്ള ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ചതിനും, ഒരേ വർഷത്തിൽ അനുബന്ധ പ്രവർത്തനങ്ങൾക്ക് വ്യത്യസ്ത പദ്ധതികൾ രൂപീകരിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

<u>കുരുവട്ടൂർ നോർത്ത് കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട്</u>

2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഈ പദ്ധതിയ്ക്കായി രണ്ടു പദ്ധതികളാമുള്ളത്. ഈ രണ്ടു പ്രോജക്ടും സ്പിൽഓവർ പദ്ധതികളാണ്. മുൻവർഷങ്ങളിലേയ്ക്ക് പരിശോധിച്ചാൽ ഇവ 2016-17 വർഷത്തിൽ വിഭാവനം ചെയ്തവയാണെന്ന് കാണാം. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് പേര് | അടങ്കൽ |
|---|---|---|
| 1 | കുരുവട്ടൂർ നോർത്ത് കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് | 12,10,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1000000/-<br>ഗുണ.വിഹിതം - 110000/-<br>തനതുഫണ്ട് - 100000/- |
| | | |

| | | |
|---|---|---|
| 2 | കുരുവട്ടൂർ നോർത്ത് കമ്മ്യൂണിറ്റി ഇറിഗേഷൻ സപ്ലൈ സിസ്റ്റം | 12,25,000/-<br>തനതുഫണ്ട് - 25000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 1200000/- |

മേൽ പദ്ധതികൾ സംയുക്ത പ്രോജക്ടായിട്ടാണ് വിഭാവനം ചെയ്തതെങ്കിലും, ജില്ലാ പഞ്ചായത്തുമായും, ബ്ലോക്ക് പഞ്ചായത്തുമായും വെവ്വേറെ പദ്ധതികളായി വിഭാവനം ചെയ്തതെന്തിനെന്ന് വ്യക്തമല്ല. രണ്ടു പ്രവർത്തികൾക്കുമുള്ള ജില്ലാ/ബ്ലോക്ക് വിഹിതം 2017-18 വർഷത്തിലാണ് പഞ്ചായത്തിന് ലഭിച്ചിരിക്കുന്നത്. (സംയുക്ത പ്രോജക്ടുകളുടെ വിവരം ഖണ്ഡിക 4-3 ൽ വിവരിച്ചത് കണ്ടാലും) പദ്ധതികളുടെ നിർവ്വഹണ വിശദാംശം താഴെ കൊടുക്കും വിധമാണ്,

- രണ്ടു പദ്ധതിയും ഏറ്റെടുത്ത് നടത്തിയിരിക്കുന്നത് ശ്രീ.ഗിരീഷൻ.കെ എന്ന കരാറുകാരനാണ്. ആദ്യ പദ്ധതി എസ്റ്റിമേറ്റ് തുകയിൽ നിന്നും 4.65% കുറവു നിരക്കിലാണ് ഏറ്റെടുത്തതെങ്കിൽ, രണ്ടാമത്തെ പ്രവർത്തി എസ്റ്റിമേറ്റ് നിരക്കിലാണ് ഏറ്റെടുത്തിരിക്കുന്നത്.
- ആദ്യ പ്രവൃത്തി 26.9.18 ന് പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 2017-18 വർഷത്തിൽ നൽകുകയും(ബ്ലോക്ക് വിഹിതം 624571/-), 2018-19 വർഷത്തിൽ ഫൈനൽ ബിൽ തയ്യാറാക്കി 526404/- രൂപ കരാറുകാരന് നൽകാനുണ്ടായതിൽ 475429/- രൂപ (100000/- തനതുഫണ്ട്, 375429/- ബ്ലോക്ക് വിഹിതം) മാത്രമാണ് തൻവർഷം അനുവദിച്ചത്. ബാക്കി തുക 50975/- രൂപ ഗുണഭോക്തൃ വിഹിതം 2019-20 വർഷത്തിലാണ് നൽകിയത്. 2018 സെപ്റ്റംബർ മാസത്തിൽ പ്രവർത്തി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയിട്ടും തുക മുഴുവനായി അനുവദിക്കാതെ തുടർവർഷത്തിലേയ്ക്ക് പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല.
- ആദ്യ പദ്ധതിയിലെ 110000/- രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതിയ്ക്ക് എത്ര ഗുണഭോക്താക്കളുണ്ടെന്നും, ഇവർ എത്ര വീതം വിഹിതമാണ് അടവാക്കിയതെന്നും, ഇതിന്റെ അടവു വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
- പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിശദാംശമോ, മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ഫയലിലില്ല.

മുകളിൽ വിവരിച്ച പ്രകാരം ഒരേ സമയം വിഭാവനം ചെയ്ത പദ്ധതികൾ ഒറ്റ പദ്ധതിയായി ചെയ്തിരുന്നെങ്കിൽ പഞ്ചായത്തിന് സാമ്പത്തിക ലാഭവും ഉണ്ടാകുമായിരുന്നു. ഒരേ കരാറുകാരൻ വ്യത്യസ്ത നിരക്കിലാണ് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയത്. പ്രവർത്തി മൂല്യം 1194339.05/- വരുന്ന രണ്ടാമത്തെ പ്രവർത്തി ആദ്യ പ്രവർത്തിയുടെ നിരക്കിൽ ചെയ്തിരുന്നെങ്കിൽ 55537/- രൂപയുടെ (4.65% കുറവ് നിരക്കിൽ)സാമ്പത്തിക ലാഭം പഞ്ചായത്തിനുണ്ടാകുമായിരുന്നു.

ഒരേ വർഷം വ്യത്യസ്ത പ്രോജക്ടുകളായി വിഭാവനം ചെയ്യാനുണ്ടായ സാഹചര്യവും സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം കണക്കിലെടുക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും, ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഖണ്ഡികയിൽ ആരാഞ്ഞിട്ടുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നില്ല

2018-19 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചാൽ ഭൂരിഭാഗം എസ്റ്റിമേറ്റുകളും യഥാർത്ഥ്യ ബോധത്തോടെയല്ല തയ്യാറാക്കുന്നതെന്ന് കാണാം. വിവിധ മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികൾ ആരംഭിച്ച ശേഷം എസ്റ്റിമേറ്റുകൾ പുതുക്കുന്നതായും, പദ്ധതിയിൽ/എസ്റ്റിമേറ്റിൽ

വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി നിർമ്മാണങ്ങൾ നടത്തുന്നതായും, എസ്റ്റിമേറ്റിൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തുന്നതായും കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

<u>കുടുംബശ്രീ വിപണനകേന്ദ്രം</u>

വികസനഫണ്ട് ജനറൽ വിനിയോഗിച്ച് 635440/- രൂപ അടങ്കലിൽ വിഭാവനം ചെയ്ത പ്രവർത്തിയാണിത്. 26 ഓളം ഇനങ്ങൾ ഉൾപ്പെടുത്തിയ പദ്ധതിയിൽ വിപണന കേന്ദ്രത്തിനു വേണ്ടിയുള്ള കെട്ടിട നിർമ്മാണമാണുള്ളത്. തറ നിർമ്മിച്ച് ഭിത്തികെട്ടി സ്റ്റീലും, ഷീറ്റും ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്നതിനും, തറ സിമന്റിട്ട് മിനുസപ്പെടുത്തുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തി പൂർത്തീകരിച്ചെങ്കിലും പ്രവർത്തിയിനങ്ങളുടെ അളവു പരിശോധിച്ചാൽ പലയിനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ വലിയ അളവിൽ ചെയ്തിരിക്കുന്നതായും, ചിലയിനങ്ങൾ നടപ്പാക്കാതെ ഒഴിവാക്കിയതായും കാണാം. ഫൗണ്ടേഷനു വേണ്ടിയുള്ള മണ്ണെടുക്കൽ, ഡ്രൈ റബിൾ മേസൻറി, പ്ലിന്ത്/ലിന്റൽ എന്നിവയ്ക്കു വേണ്ടിയുള്ള സ്റ്റീലിന്റെ അളവ് എന്നിവയിൽ യഥാക്രമം 40.66%, 27.41%, 44.5% വർധനവുണ്ടായിരിക്കുന്നത് കാണാം. അതേ സമയം തറ മിനുസപ്പെടുത്തുന്നതിനും, മേൽക്കൂരയ്ക്കുള്ള പി.വി.സി.ഗട്ടേർസിനുള്ള ഇനങ്ങൾ ചെയ്യാതെ ഒഴിവാക്കി. ഈ പ്രോജക്ടിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ എസ്റ്റിമേറ്റിൽ അധികരിച്ച് ചെയ്ത ഇനങ്ങളുടെ 25% വർധനവിൽ ലിമിറ്റ് ചെയ്താണ് കരാറുകാരന് തുക നൽകിയത്. പിന്നീട് മറ്റൊരു പ്രോജക്ട് തയ്യാറാക്കി തറയുടെ നിർമ്മാണം നടത്തുകയാണുണ്ടായത്.

മേൽക്കൂരയുടെ നിർമ്മാണവും എസ്റ്റിമേറ്റിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിലാണ് നടത്തിയത്. റാഫ്റ്ററുകളും, പർലിനും നൽകി ഷീറ്റിടുന്നതിനാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നെങ്കിലും, ഭിത്തിയുടെ ഉയരം മുൻഭാഗത്ത് കൂട്ടി, കെട്ടിടത്തിന്റെ പിൻവശത്തേയ്ക്ക് സ്ലോപ് വരുന്ന രീതിയിലാണ്(ആസ്ബസ്റ്റോസ് ഷീറ്റിടുന്ന രീതിയിൽ) മേൽക്കൂര നിർമ്മിച്ചത്. മേൽ വിവരിച്ചതിൽ നിന്നും എസ്റ്റിമേറ്റുകൾ യഥാർത്ഥ്യബോധത്തോടെയല്ല നിർമ്മിക്കുന്നതെന്ന് വ്യക്തമാകുന്നു.

<u>ബഡ്സ് സ്കൂൾ നവീകരണം</u>

പ്രോജക്ട് നമ്പർ : 123/19

അടങ്കൽ : 950000/- 50000 – തനതുഫണ്ട്

900000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെലവ് : 863709/-

ബഡ്സ് സ്കൂളിൽ നിലവിലുള്ള സെപ്റ്റിക് ടാങ്ക് പൊളിച്ച് കോൺക്രീറ്റ് ടാങ്ക് നിർമ്മിക്കുന്നതിനും, വെയ്സ്റ്റ് വാട്ടർ ടാങ്ക്, സ്റ്റേജ്, സ്കൂളിന്റെ ഒന്നാം നിലയിലേയ്ക്ക് റാമ്പ് എന്നിവ നിർമ്മിക്കുന്നതിന് തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. ഈടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത റിത്തു എന്ന കരാറുകാരന് പ്രവർത്തി ഏൽപ്പിച്ചു. എന്നാൽ വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ സെപ്റ്റിക് വേസ്റ്റ് നിറഞ്ഞ വെള്ളത്തിൽ നിന്ന് പ്രവൃത്തി ചെയ്യാൻ ആളെ കിട്ടുന്നില്ലയെന്നും, ആയതിനാൽ കോൺക്രീറ്റ് സെപ്റ്റിക് ടാങ്ക് ഒഴിവാക്കി പകരം പി.വി.സി.സെപ്റ്റിക് ടാങ്ക് ആക്കാനും, ഒന്നാം നിലയിലേയ്ക്കുള്ള റാമ്പ് എസ്റ്റിമേറ്റിലെ പ്രൊവിഷൻ വെച്ച് ചെയ്യാൻ പറ്റാത്തതിനാൽ ഒഴിവാക്കാനും, സ്റ്റേജിലേയ്ക്ക് റാമ്പ് നിർമ്മിക്കേണ്ടി വന്നതിനാലും, കോമ്പൗണ്ട് വാളിന്റെ പെയിന്റിംഗ് ചെയ്യേണ്ടതിനാലും എസ്റ്റിമേറ്റ് പുതുക്കാൻ 19.11.2018 ലെ ഭരണസമിതി തീരുമാനമെടുത്തു (317 നമ്പർ തീരുമാനം). ആയതിനടിസ്ഥാനപ്പെടുത്തി പ്രവർത്തി നടത്തി. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിൽ ഏതെല്ലാം പ്രവർത്തികളാണ് ആവശ്യമായിട്ടുള്ളതെന്ന് മനസ്സിലാക്കാതെയും, സ്ഥലപരിശോധന നടത്താതെയും, റാമ്പ്

നിർമ്മാണം പോലുള്ള പ്രവർത്തികൾക്കുള്ള സ്ഥലസൗകര്യമുണ്ടോയെന്ന് പരിശോധിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ഇവിടേയും പ്രവർത്തി പൂർത്തീകരണത്തിനായി തുടർവർഷത്തിൽ പുതിയ പദ്ധതി തയ്യാറാക്കി.

കുരുവട്ടൂർ അയ്യപ്പാടം റോഡ് ക്രോസ് ഡ്രൈനേജ്

ഈ റോഡ് പ്രവർത്തിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 610മീറ്റർ വരുന്ന ഭാഗം റീടാറിംഗ് ചെയ്യുന്നതിനാണ് വിഭാവനം ചെയ്തത്. 23.3.2018 ന് കരാർ ചമച്ച് ഏൽപ്പിച്ച ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് 19.11.2018 ലെ 9/319/18 നമ്പർ തീരുമാന പ്രകാരം പുതുക്കാൻ നിശ്ചയിച്ചു. ഇതിനുള്ള കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത്, റോഡിൽ നിലവിലുള്ള കൾവെർട്ടിന് അപ്രോച്ച് റോഡ് നിർമ്മിച്ചിട്ടില്ലെന്നും, ആയതിനാൽ അതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നുവെന്നാണ്. പുതുതായി അഞ്ച് ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു പ്രവർത്തി നടത്തി. എസ്റ്റിമേറ്റ് തുകയിൽ നിജപ്പെടുത്തി എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയതിനാൽ വിഭാവനം ചെയ്ത ദൂരത്തിന്റെ മൂന്നിലൊന്ന് നീളത്തിൽ മാത്രമാണ് റീടാറിംഗ് നടത്താനായത്.

എസ്റ്റിമേറ്റുകൾ യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ചല്ല തയ്യാറാക്കുന്നതെന്നും, സ്ഥല പരിശോധനയില്ലാതെയാണ് പ്രവൃത്തികളുടെ ഇനങ്ങൾ ഉൾപ്പെടുത്തുന്നതെന്നും ഇതിൽ നിന്നും വ്യക്തമാണ്.

പുതുശ്ശേരി താഴം പൊരാട്ട്കുന്ന് റോഡ്

2017-18 കാലയളവിൽ തയ്യാറാക്കിയ ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ആരംഭിക്കുന്നത്, “2017-18 വർഷത്തിൽ 492000/-രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണിതെന്നും, എന്നാൽ സൈറ്റ് പരിശോധനയിൽ ഇത്രയും തുക ആവശ്യമില്ലെന്നും, അടങ്കൽ തുക 285000/- രൂപ മതി” എന്ന് വിവരിച്ചു കൊണ്ടാണ്. 400 മീറ്ററിൽ റീടാറിംഗ് ചെയ്യുന്നതിന് തയ്യാറാക്കിയ ഈ പദ്ധതിയുടെ കരാർ 5.2.2018 ന് ചമച്ചിട്ടുണ്ട്. റോഡിന്റെ 40 മീറ്റർ നീളം പൂർണ്ണമായും പൊട്ടിപൊളിഞ്ഞതാണെന്നും, ഈ ഭാഗം പൊളിച്ചു മാറ്റി ചെയ്യുന്നതിന് കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും, ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി ആവശ്യപ്പെടുകയും, 14.1.2019 ന് ഭരണസമിതി ഇതിനുള്ള അനുവാദം നൽകുകയും ചെയ്തു. ഇതു പ്രകാരം എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവർത്തി ചെയ്തപ്പോൾ റോഡിന്റെ നീളം 252 മീറ്ററായി ചുരുങ്ങി. അളവു പുസ്തകം 68/18-19 പ്രകാരം 26.12.18 ന് റോഡിന്റെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. അതായത് എസ്റ്റിമേറ്റ് പുതുക്കുന്നതിനു മുമ്പേ റോഡ് പ്രവർത്തികൾ നടത്തിയിട്ടുണ്ട്. വർഷാദ്യത്തിലുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടില്, സ്ഥലം പരിശോധിച്ചപ്പോൾ അടങ്കൽ തുക കുറവു മതിയെന്ന് ബോധ്യപ്പെട്ടുവെന്ന് പറയുമ്പോൾ, 40 മീറ്റർ നീളത്തിൽ റോഡ് തകർന്നത് ശ്രദ്ധയിൽ പെട്ടില്ലായിരുന്നുവെന്ന് വേണം കരുതാൻ. എസ്റ്റിമേറ്റുകൾ ഇത്തരത്തിൽ ലാഘവത്തോടെ തയ്യാറാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-19 പദ്ധതി ആസൂത്രണ/രൂപീകരണത്തിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2018/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ നിർമ്മാണ പ്രവർത്തികളാണെങ്കിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ വിശദമായ എസ്റ്റിമേറ്റ് കൂടി തയ്യാറാക്കണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും,

വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കാനും മേൽ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായാണ് പഞ്ചായത്തിൽ പദ്ധതികൾ രൂപീകരിക്കുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണദ്യോഗസ്ഥനായി കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച് നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പിഴവുകൾ സംഭവിച്ചതായി കാണുന്നു. വിശദാംശം/ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

<u>ഒരു സ്ഥാപനത്തിന്റെ നിർമ്മാണ/അറ്റകുറ്റ പണിയ്ക്ക് ഒന്നിലധികം പദ്ധതികൾ</u>

2018-19 വർഷത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ഒരു സ്കൂളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം പരിശോധിക്കാം,

| സ്കൂളിന്റെ പേര് | പ്രോ.നം./പദ്ധതി പേര് | അടങ്കൽ | നടത്തിയ പ്രവർത്തികൾ |
|---|---|---|---|
| ജി.ഡബ്ല്യൂ. എൽ.പി.സ്കൂൾ | 191/19 സ്കൂളിന് ചുറ്റുമതിൽ, ഗെയിറ്റ്, ഇന്റർലോക്ക് ചെയ്യൽ (സ്പിൽഓവർ) | 505000/- സംരക്ഷണഗ്രാന്റ് റോഡിതരം | സ്കൂളിന് ചുറ്റുമതിൽ, ഗെയിറ്റ്, മുറ്റം ഇന്റർലോക്ക് ചെയ്യൽ എന്നിവ ഉൾപ്പെടുത്തി വിഭാവനം ചെയ്തുവെങ്കിലും, എസ്റ്റിമേറ്റിലെ പലയിനങ്ങളുടേയും അളവിൽ മാറ്റം വന്നതിനാൽ ചുറ്റുമതിലിന്റെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ ഒഴിവാക്കി |
| | 102/19സ്കൂൾ ടോയ് ലെറ്റ് നിർമ്മാണം (പുതിയത്) | 184839/- വികസനഫണ്ട് ജനറൽ | ടോയ് ലെറ്റ് നിർമ്മാണവും അനുബന്ധ പ്രവർത്തികളും |
| | 112/19 സ്കൂൾ പെയിന്റിംഗ് | 465456/- | സ്കൂളിലെ അടുക്കള, ടോയ് ലെറ്റ് എന്നിവയുടെ നവീകരണം, വാഷ്ബെയ്സിൻ നിർമ്മാണം, ചുറ്റുമതിലിന്റെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ |

ഒരു വർഷത്തിൽ തന്നെ സ്കൂളിലെ നിർമ്മാണങ്ങൾക്ക് വ്യത്യസ്ത പദ്ധതികൾ രൂപീകരിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. തുടർന്നുള്ള വർഷത്തിലും(2019-20) ഈ സ്കൂളിൽ ഹാൾ നിർമ്മാണത്തിനായി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനത്തിലെ എല്ലാ പ്രവർത്തികളും/നിർമ്മാണങ്ങളും ഉൾപ്പെടും വിധം പ്രോജക്ടുകൾ തയ്യാറാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മുഴുവൻ അളവില്ലം/മുഴുവൻ പ്രവർത്തിയും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാതെ വിവിധ വർഷങ്ങളിലായി ചെറിയ തുകയ്ക്ക് വിഭാവനം ചെയ്യുന്നു

പഞ്ചായത്ത് പരിധിയിലെ റോഡ്, കെട്ടിട നിർമ്മാണങ്ങൾ, അറ്റകുറ്റപണികൾ എന്നിവ പരിശോധിച്ചാൽ പല പദ്ധതികളും മുഴുവനായി വിഭാവനം ചെയ്യാതെ കുറഞ്ഞ തുകയ്ക്ക് വ്യത്യസ്ത വർഷങ്ങളിലായി രൂപീകരിക്കുന്നുവെന്ന് കാണാം. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു,

| ക്രമനം. | റോഡ്/നിർമ്മാണം/ കെട്ടിടം | പ്രോജക്ട് വിവരം | വർഷം | അടങ്കൽ |
|---|---|---|---|---|
| 1 | ഗൾഫ് ബസാർ - കായക്കാളി റോഡ് | പ്രോ.നം.9/18 | 2017-18 | 2,00,000/- |
| | | പ്രോ.നം.68/19 | 2018-19 | 4,00,000/- |
| | | പ്രോ.നം.214/20 | 2019-20 | 2,20,000/- |
| 2 | ആച്ചോത്തിൽ- വള്ളേ്യക്കാട്ടിൽ റോഡ് | പ്രോ.നം.189/19 | 2018-19 | 4,00,000/- |
| | | പ്രോ.നം.37/20 | 2019-20 | 2,49,600/- |
| 3 | പി.എച്ച്.സി.നവീകരണം | പ്രോ.നം.127/19 | 2018-19 | 4,00,000/- |
| | | പ്രോ.നം.14/20 | 2019-20 | 1,50,000/- |
| 4 | ആയുർവേദ ഹോസ്പിറ്റൽ മുറ്റം ഇന്റർലോക്ക് ചെയ്യൽ | പ്രോ.നം.125/19 | 2018-19 | 2,00,000/- |
| | | പ്രോ.നം.202/20 നവീകരണം | 2019-20 | 2,00,000/- |
| 5 | ബഡ്സ് സ്കൂൾ നവീകരണം | പ്രോ.നം.123/19 | 2018-19 | 9,50,000/- |
| | | പ്രോ.നം.106/20 | 2019-20 | 1,00,000/- |
| | | പ്രോ.നം.65/20 കിണർ ആഴം കൂട്ടൽ | 2019-20 | 90,000/- |

സംയുക്ത പദ്ധതി തയ്യാറാക്കാതെ ഒരേ വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനും വ്യത്യസ്ത പ്രോജക്ട്

2018-19 വർഷത്തിൽ പ്രോജക്ട് നമ്പർ 109/19 പ്രകാരം പകൽവീട് നിർമ്മാണമെന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചു. 908564/- രൂപ വികസനഫണ്ട് അടങ്കലിൽ വിഭാവനം ചെയ്ത പദ്ധതിയിൽ പകൽവീടിന്റെ ഒന്നാം നിലയുടെ നിർമ്മാണമാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതി ടെണ്ടർ ചെയ്ത് കരാറുകാരന് ഏൽപ്പിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കി. പുതുക്കിയ എസ്റ്റിമേറ്റിൽ കാരണം വിശദീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്, "ബ്ലോക്ക് പഞ്ചായത്ത് നടത്തി വരുന്ന പകൽവീടിന്റെ തറനില നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും, ഒരേ സമയം രണ്ടു കരാറുകാർക്ക് നിർമ്മാണം

നടത്താനുള്ള സൗകര്യമില്ലാത്തതിനാലും, ബ്ലോക്ക് പദ്ധതിയിൽ തറനിലയിലെ മുഴുവൻ നിർമ്മാണവും പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും, തറനിലയിലെ ബാക്കി വരുന്ന പ്രവർത്തികൾ നടത്തുന്നതിനും, ഒന്നാം നിലയുടെ സ്ട്രക്ച്ചർ നിർമ്മാണം മാത്രം നടത്താനുമായി എസ്റ്റിമേറ്റ് പുതുക്കുന്നു" എന്നാണ്.

തുടർന്ന് 2019-20 വർഷത്തിൽ ബാക്കി പണികൾക്കായി പുതിയൊരു പദ്ധതി രൂപീകരിച്ചു. 29.01.2018 ലെ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ., ഖണ്ഡിക 3.5.4 പ്രകാരം കരട് പദ്ധതി തയ്യാറാക്കുന്നതിനു മുമ്പ്(അതായത് വികസനസെമിനാറിനു മുമ്പ്) സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച് ധാരണയാകേണ്ടതും, ഇതിന്റെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുമാണ്. ഈ വിധത്തിലുള്ള നടപടികൾ ചെയ്തില്ലായെന്നതിനു ഉദാഹരണമാണ് മേൽ വിവരിച്ച രീതിയിൽ ഒരേ വർഷം ബ്ലോക്ക് പഞ്ചായത്തും, ഗ്രാമപഞ്ചായത്തും ഒരേ നിർമ്മിതിയ്ക്കായി വ്യത്യസ്ത പദ്ധതി രൂപീകരിച്ചത്.

<u>പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല</u>

ഓഡിറ്റ് കാലയളവിലെ വിവിധ പദ്ധതികൾ പരിശോധിച്ചാൽ ധാരാളം പദ്ധതികളുടെ നിർവ്വഹണപൂർത്തീകരണത്തിന് മൂന്നു മുതൽ അഞ്ചു വരെ സാമ്പത്തികവർഷങ്ങൾ എടുക്കുന്നതായി കാണാം. എന്നാൽ ഇത്തരത്തിൽ നിർവ്വഹണത്തിൽ/പ്രവർത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടാകുന്ന വേളയിൽ കരാറുകാർക്കെതിരെ യാതൊരു നടപടിയും/പിഴയും ഈടാക്കുന്നില്ല. കഴിഞ്ഞ കുറേ വർഷങ്ങളിലായി പഞ്ചായത്ത് വിഭാവനം ചെയ്ത് നടപ്പാക്കി വരുന്ന കുടിവെള്ള/ജലസേചന പദ്ധതികൾ ഇതിന് ഉദാഹരണമാണ്. 2013-14, 2014-15 വർഷങ്ങളിൽ വിഭാവനം പദ്ധതികൾ 2018-19, 2019-20 വർഷമായിട്ടും പൂർത്തീകരിക്കാത്ത വിധത്തിലാണുള്ളത്. ഇതു സംബന്ധിച്ച വിശദമായ വിവരങ്ങൾ മറ്റൊരു ഖണ്ഡികയായി ഉൾപ്പെടുത്തിയിരിക്കുന്നു.

2017-18 വർഷത്തിൽ പുതുതായി രൂപീകരിച്ച താഴെ ചേർക്കുന്ന റോഡ് പ്രവർത്തികളിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു.

| ക്രമനം | റോഡ് പ്രവർത്തി | അടങ്കൽ/ ഫണ്ടിനം | കരാർ തിയ്യതി/ കരാറുകാരൻ | എം ബുക്ക് നമ്പർ/ പ്രവർത്തി ആരംഭിച്ച തിയ്യതി |
|---|---|---|---|---|
| 1 | പറമ്പിൽകടവ് – കിരാലൂർ റോഡ് | സംരക്ഷണഗ്രാന്റ് റോഡ് 365500/- | AE/48/17-18/28.3.18 റിത്തു.എം | 85/18-19 17.12.2019 |
| 2 | പി.എച്ച്.സി.റോഡ് നവീകരണം | സംരക്ഷണഗ്രാന്റ് റോഡ് 338500/- | AE/1/18-19/20.4.18 വിജീഷ്.പി.ആർ. | 88/18-19 26.11.18 |
| 3 | കുരുവട്ടൂർ അയ്യപ്പാടം റോഡ് ക്രോസ് ഡ്രൈനേജ് | സംരക്ഷണഗ്രാന്റ് റോഡ് 500000/- | AE/43/17-18/23.3.18 വിജീഷ്.പി.ആർ. | 79/18-19 10.12.2018 |
| 4 | ആച്ചോത്തിൽ വള്ളേ്യക്കാട്ടിൽ റോഡ് | സംരക്ഷണഗ്രാന്റ് റോഡ് 400000/- | AE/26/18-19/7.2.18 വിജീഷ്.പി.ആർ. | 89/18-9 10.12.18 |

| | | | | |
|---|---|---|---|---|
| 5 | പുതുശ്ശേരി താഴം പെരാട്ട്കുന്ന് റോഡ് | സംരക്ഷണഗ്രാന്റ് റോഡ് 285000/- | AE/24/17-18/5.2.18 വിജീഷ്.പി.ആർ. | 68/18-19 26.12.18 |

മേൽ പ്രവർത്തികളുടെയെല്ലാം കരാർ 2017 മാർച്ച്, 2018 ഏപ്രില് മാസങ്ങളിൽ ചമച്ചിട്ടുണ്ടെങ്കിലും, ഇവയുടെയെല്ലാം പ്രവർത്തി ആരംഭിച്ചിട്ടുള്ളത് 2018 നവംബർ, ഡിസംബർ മാസങ്ങളിൽ മാത്രമാണ്. പ്രവൃത്തി ആരംഭിക്കാത്തതിന് പ്രത്യേക കാരണങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ചെക്ക് മെഷർ 2019 ജനുവരി മാസത്തിൽ നടത്തിയിട്ടുണ്ടെങ്കിലും ഇവയുടെ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത് തുടർ വർഷത്തിൽ മാത്രമാണ്. ഈ വിധത്തിൽ പദ്ധതി പൂർത്തീകരണത്തിന് മൂന്ന സാമ്പത്തികവർഷങ്ങൾ വേണ്ടി വന്നു. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ പഞ്ചായത്തിന് ഫണ്ട് നഷ്ടത്തിനു(സ്പിൽ ഓവർ പദ്ധതികൾക്ക് തൻവർഷ ഫണ്ടുകൾ വിനിയോഗിക്കുന്നതു മൂലം) പുറമേ, ഓരോ വർഷത്തിലും വളരെയേറെ മനുഷ്യാദ്ധ്വാനം കൂടിയാണ് ഇതിനായി വിനിയോഗിക്കേണ്ടി വരുന്നത്.

പദ്ധതിയാസൂത്രണ നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-20 സമഗ്ര വിദ്യാഭ്യാസം- പദ്ധതിനടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 135/19 -20(സ്പിൽ ഓവർ)

അടങ്കൽ - 300000

ചെലവ് - 149104

ബിൽ നമ്പർ,തിയ്യതി - 1/19-20/18.05.2019)

പഞ്ചായത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ കായിക പരിശീലന പദ്ധതി യുടെ ഭാഗമായി ഫുഡ്ബോൾ കോച്ചിങ്ങ് ,നീന്തൽ പരിശീലനം ,നാടക പരിശീലനം. ,ക്വിസ് മത്സരം, ഫോക്ലോർ ക്യാമ്പ് എന്നി പരിപാടികൾ നടത്തിയതിനാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) 2017-18 വർഷത്തിൽ നടത്തിയ പരിശീലന ചെലവ് നൽകുന്നതിന് 2019-20 വരെ കാല താമസം ഉണ്ടായതിന് കാരണം വ്യക്തമല്ല.

2) പരിശീലനത്തിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് പകരം താഴെകാണിച്ച പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സന്റെ അക്കൗണ്ടിലേയ്ക്കാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ

| ചെലവ് തുക | റിമാർക്ക്സ് |
|---|---|
| 12934 | കായിക പരിശീലനത്തിന് സാധന സാമഗ്രികൾ വാങ്ങിയ ചെലവ് |
| 5000 | നീന്തൽ പരിശീലനത്തിന് സാമഗ്രികൾ വാങ്ങിയ ചെലവ് |
| 16000 | ഫോക്ലോർ ക്യാമ്പ് പരിശീലനം നൽകിയ 4 പരിശീലകരുടെ വേതനം |
| | |

| | |
|---|---|
| 12000 | നാടക പരിശീലകനുള്ള ഓണറേറിയം |

3)കായിക പരിശീലനത്തിന് സാധന സാമഗ്രികൾ വങ്ങിയ വകയിൽ 12934 രൂപ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ 7642 രൂപയുടെ ബില്ലുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗവിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തുക കൈമാറിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി | ചെലവ് വിവരം | റിമാർക്ക്സ് |
|---|---|---|
| എസ്.ഒ03/2019-20 സ്നേഹസ്പർശം വിഹിതം നൽകൽ | 300000 തനത് ഫണ്ട്-28.06.2019 | ജില്ലാപഞ്ചായത്തിന് തുക കൈമാറി. പദ്ധതിയ്ക്ക് തുക വിനിയോഗിച്ചതിന്റെ വിവരം ലഭിച്ചിട്ടില്ല. |
| എസ്.ഒ.167/2019-20 വളച്ചുകെട്ടി കെട്ടി വള്ള്യോക്കാട് ഇലക്ട്രിക്കൽ ലൈൻ സ്ഥാപിക്കൽ തുക കൈമാറൽ | 41921 വികസനഫണ്ട് എസ്.സി.പി-ബിൽ 13/26.09.2019 | കെ.എസ്.സിബി കക്കോടി ഇലക്ട്രിക്കൽ സെക്ഷന് തുക കൈമാറി.പദ്ധതിയ്ക്ക് തുക വിനിയോഗിച്ചതിന്റെ വിവരം ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ലഭിച്ചിട്ടില്ല. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കി മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതുവരെ 341921 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതി മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം )
പ്രൊജക്ട് നമ്പർ -12/2019-20

ചെലവ് തുക - 1050000 (541640-തനത് ഫണ്ട്, 508360- റോഡിതര മെയിന്റനൻസ് ഗ്രാന്റ് )
ബിൽ നമ്പർ -ചെക്ക്-1685809,1685810/18.10.19 ബിൽ-1/2019-20/19.10.2019

2019-20 വർഷത്തേക്ക് ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് 1050000 രൂപ വിലവരുന്ന മരുന്നിന്റെ ആവശ്യകത കണക്കാക്കി അതിന്റെ വില അനുവദിച്ചിട്ടുണ്ട്. 100000 രൂപ കേരള ആയുർവ്വേദ കോ ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കും 950000 രൂപ ഔഷധിയ്ക്കുമാണ് നല്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1) മുഴുവൻ തുകയ്ക്കും മരുന്ന് ലഭിച്ചില്ല

19.10.2019 ന് തുക നൽകിയിട്ടുണ്ടെങ്കിലും ഔഷധിയിൽനിന്ന് ലഭിയ്ക്കേണ്ട 950000 രൂപയുടെ മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല . വിവിധ തവണകളായി 943205 രൂപയ്ക്കുള്ള മരുന്നാണ് ലഭിച്ചിട്ടുള്ളത് . അവസാനമായി 27.06.2020നാണ് മരുന്ന് ലഭിച്ചത്. 6795രൂപയ്ക്കുള്ള മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കാത്തതിന് സ്ഥാപനത്തിനെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. 2018-19 വർഷത്തിൽ ലഭിയ്ക്കേണ്ട മരുന്നും 19.10.2019 ലാണ് മുഴുവനായും ലഭ്യമായിട്ടുള്ളത്. ആശുപ

ത്രിയുടെ ദൈനംദിന ആവശ്യകതയ്ക്ക് വേണ്ട മരുന്ന് സമയബന്ധിതമായി ലഭിച്ചി ട്ടില്ലാത്തത് സംബന്ധിച്ചും നൽകിയ തുകയ്ക്ക് മുഴുവൻ മരുന്ന് ലഭിക്കാത്തത് സംബന്ധിച്ചും ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു ഇടപെടലും നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ എല്ലാനടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്നതുവരെ 6795 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ട പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്ത് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കി വരുന്ന ലൈഫ് രണ്ടാം ഘട്ട ഭവന പദ്ധതിയിൽ 2019-20 വർഷത്തിൽ കരാർ വച്ച 6 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താവ് | അനുവദിച്ച തുക |
|---|---|---|
| 21/20ലൈഫ് ഭവന പദ്ധതി ജനറൽ | സുബൈദ പൂതങ്ങര | 300000 |
| 23/20ലൈഫ് ഭവന പദ്ധതി എസ്.സി | മീനാക്ഷി ചെറൂപ്പമല | 40000 |
| ടി | കല്ല്യാണി മുതൽ മീത്തൽ | 300000 |
| ടി | വേലായുധൻ മുള്ളൻ പറമ്പത്ത് | 300000 |
| ടി | മനോജ് തെക്കേ കോതമ്പ്ര | 300000 |
| ടി | ഷാജിത്ത് പുൽപറമ്പിൽ | 300000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണങ്ങൾ പൂർത്തിയാക്കാൻ എല്ലാനടപടികളും ആരം ഭിച്ചിട്ടുണ്ടെന്നും വളരെ പെട്ടെന്നു തന്നെ പൂർത്തീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 വികസന ഫണ്ട് അധികതുക ചെലവഴിച്ച

പഞ്ചായത്ത് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കളിൽ നിന്ന് പണം പിരിക്കുകയും അത് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്തൃവിഹിതമുൾപ്പെടെയുള്ള തുക വികസന ഫണ്ടിൽ നിന്നു തന്നെ പിൻവലിച്ച് ചെലവഴിച്ചതായി കാണുന്നു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് | റിമാർക്ക്സ് | വികസനന ഫണ്ടിൽ നിന്നുള്ള |
|---|---|---|---|

| | | | |
|---|---|---|---|
| | | | അധിക ചെലവ് |
| എസ്.ഒ. 41/19-20 വീട്ട് വളപ്പി ൽ ഒട്ടുമാവ് തൈ വിതരണം | 22000- വികസന ഫണ്ട് ബിൽ നം 6/07.01.2020 | 110 ഗുണഭോക്താക്കൾക്ക് 200രൂപയുടെ തൈ വിതരണം ചെയ്തു. 110 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം തുക (25% =110 X 50) 5500രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട് ,ഈ തുക ചെലവഴിക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചു . | 5500 രൂപ |
| എസ്.ഒ. 48/19-20 ഗ്രോ ബാഗ് പച്ചക്കറി | 59200- വികസന ഫണ്ട് ബിൽ നം 10/16.02.2020 | 80 രൂപ വിലയുള്ള 740 ഗ്രോ ബാഗുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം തുക (25%= 20 X 740 ) 14800രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട് ,ഈ തുക ചെലവഴിക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചു . | 14800 രൂപ |

പിരിച്ചെടുത്ത സബ്സിഡി തുക ചെലവഴിയ്ക്കാതെ വികസന ഫണ്ടിൽ നിന്ന് 20300/- രൂപ അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (22/ 2019-20 30. 07.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 20300/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

### 1-25 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

പദ്ധതി - എസ്.ഒ 100/19 -20

അടങ്കൽ - 1200000(വികസന ഫണ്ട്-400000,

ബ്ലോക്ക് വിഹിതം -400000, ജില്ലാപഞ്ചായത്ത് വിഹിതം -400000)

ചെലവ് - 200000 (ബ്ലോക്ക് വിഹിതം)

ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് അവർ അളക്കുന്ന പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകി ക്ഷീരകർഷകരെ സഹായിക്കുന്നതിനാണ് 1200000 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ബ്ലോക്ക് വിഹിതമായ 200000 രൂപ മാത്രമാണ് കർഷകർക്ക് നൽകിയിട്ടുള്ളത്. ക്ഷീര സഹകരണ സംഘങ്ങൾ വഴി പാലളക്കുന്ന 121 ക്ഷീര കർഷകർക്ക് സെപ്തംബർ, ഒക്ടോബർ,നവംബർ മാസങ്ങളിലെ സബ്സിഡി തുക മാത്രമാണ് നൽകിയിട്ടുള്ളത്. ബാക്കി വകയിരുത്തിയ തുക ലാപ്സായി പോയ സാഹചര്യം ഉണ്ടായിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-26 അങ്കണവാടി വർക്കർ ഹെൽപ്പർ അധിക വേതനം വിതരണം ചെയ്തത് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19,02019-20 വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്ന് അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധിക വേതന വിതരണത്തിനായി സർക്കാർ നിർദ്ദേശ പ്രകാരം പഞ്ചായത്തിന്റെ വിഹിതം 2235-02-102-05-00-00-NP-V എന്ന ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ട്രാൻസ്ഫർ ചെയ്ത തുകയുടെ വിശദാംശങ്ങൾ.

| പദ്ധതി | ട്രാൻസ്ഫർ ചെയ്തതുക |
|---|---|
| 213/18-19 | 700800 |
| 6/19-20 | 467200 |
| 118/19-20 | 700800 |
| 236/19-20 | 467200 |

അങ്കണവാടി ജീവനക്കാർക്ക് മേൽതുകകൾ അധിക വേതനമായി ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വിതരണ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

1-27 എസ്.സി.വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ പദ്ധതി നടപ്പിലാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 67/19 -20

അടങ്കൽ - 510000 (വികസന ഫണ്ട് ,എസ്.സി.പി)

പഞ്ചായത്തിൽ 2019-20 വർഷത്തിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി ലാപ്പ്ടോപ്പ് വിതരണം നടത്തുന്നതിനായാണ് 510000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ 2019-20 വർഷത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. വകയിരുത്തിയ വികസന ഫണ്ട് തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായി എന്നു മാത്രമല്ല പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയിരുന്നെങ്കിൽ കോവിഡ് കാലത്തെ ഓൺ ലൈൻ പഠനത്തിന് വളരെ യധികം പ്രയോജനപ്പെടുമായിരുന്ന ഒരു പദ്ധതിയായിരുന്നു ഇത്. ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ഓൺലൈൻ പഠന സൗകര്യങ്ങൾ സജ്ജമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതി ആവശ്യതയ്ക്കനുസരിച്ച് മരുന്ന് ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( ഹോമിയോ)
പ്രൊജക്റ്റ് നമ്പർ -2/2019-20
ബിൽ നമ്പർ -1/2019-20/21.08.2019
ചെലവ് തുക - 500000

2019-20 വർഷത്തേക്ക് ഗവ. ഹോമിയോ ആശുപത്രിയിലേക്ക് 500000 രൂപ വിലവരുന്ന മരുന്നിന്റെ ആവശ്യകത കണക്കാക്കി കേരള സംസ്ഥാന ഹോമിയോപതിക്ക് കോ- ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1) മുഴുവൻ തുകയ്ക്കും മരുന്ന് ലഭിച്ചില്ല

21.08.2019 ന് 500000 രൂപ നൽകിയിട്ടുണ്ട് എന്നാൽ സമയബന്ധിതമായി മരുന്നുകൾ ലഭ്യമായിട്ടില്ല വളരെയധികം കാലം താമസിച്ച് 21.01.20 ന് 269690 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 230310 രൂപയുടെ മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല ലഭിച്ച മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ബിൽ നമ്പർ | മരുന്നു ലഭിച്ച തിയ്യതി | തുക |
|---|---|---|
| LF.1907/21.01.20 | 21.01.20 | 269690 |

230310 രൂപയുടെ മരുന്ന് ( 500000-269690) ഇതുവരെയും ലഭിച്ചിട്ടില്ല . ആശുപ ത്രിയുടെ ദൈനംദിന ആവശ്യകതയ്ക്ക് വേണ്ട മരുന്ന് സമയബന്ധിതമായി ലഭിച്ചി ട്ടില്ലാത്തത് സംബന്ധിച്ചും നൽകിയ തുകയ്ക്ക് മുഴുവൻ മരുന്ന് ലഭിക്കാത്തത് സംബന്ധിച്ചും ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു ഇടപെടലും നടത്തിയിട്ടില്ല.

2) ആവശ്യകത നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല

2018-19 വർഷത്തിൽ 300000 രൂപയ്ക്ക് ആണ് മരുന്ന് വാങ്ങിയത് . ഈ ആവശ്യകത 19-20 ആയപ്പോൾ 500000-മായി ഉയർന്നതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമല്ല. സാമ്പത്തിക വർഷം കഴിഞ്ഞ് ഇത്രനാളായിട്ടും മരുന്ന് ലഭ്യമായിട്ടുമില്ല. സ്റ്റാറ്റസ് റിപ്പോർട്ടും മറ്റ് രേഖകളും പരിശോധിച്ചതിൽ മരുന്നിന്റെ ആവശ്യകത നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമാക്കിയിട്ടില്ല

3 ) കരാറിലേർപ്പെടാതെ മരുന്ന വില മുൻകൂറായി നൽകുന്നു, മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല

ഹോമിയോപതിക്ക് കോ- ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് മുൻകൂറായി തുക അനുവദിച്ചിട്ടുള്ളത് സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെയാണ്. ആയതിനാൽ മരുന്ന് ലഭിയ്ക്കാതിരുന്നിട്ടും നടപടിയൊന്നും എടുക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയഓഡിറ്റ് എൻക്വയറിയ്ക്ക് 13/19-20 മറുപടി ലഭ്യമാക്കിയിട്ടില്ല. 230310 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 പട്ടിക ജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ വഴി 5 ഗുണഭോക്താക്കൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് ധന സഹായം നൽകിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് | റിമാർക്ക്സ് |
|---|---|---|
| 134/19-20 (സ്പിൽ ഓവർ) | 200000വികസന ഫണ്ട് (എസ്.സി.പി) ബിൽ നമ്പർ/1/19-20/14.05.2019 | ശ്രീ. പ്രകാശൻ, ശ്രീ.കൃഷ്ണൻ എന്നീ ഗുണഭോക്താക്കൾക്ക് 100000 രൂപ വിതം നൽകി |
| 07/19-20 | 375000വികസന ഫണ്ട് (എസ്.സി.പി) ബിൽ നമ്പർ/8.9/19-20/28.02.2020 | ശ്രീ. ദാസൻ, ശ്രീ.അറുമുഖൻ, ശ്രീമതി. രമണി എന്നീ ഗുണഭോ ക്താക്കൾക്ക് 125000 രൂപ വിതം നൽകി |

14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.2.17 ഖണ്ഡിക പ്രകാരം എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് വീടിനോട് ചേർന്ന് ഒരു

പഠന മുറി നിർമ്മമിച്ച നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത് . മേൽ ഉത്തരവ് പ്രകാരം പഠന മുറി നൽകുന്ന ഗുണഭോക്താവിന് നിലവിലുള്ള 800 ചതുരശ്ര അടി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിയ്ക്കാതെ പഠന മുറി അനുവദിയ്ക്കാവുന്നതാണ്. മേൽ ഗുണഭോക്താക്കൾക്ക് ഈ നിബന്ധന പാലിച്ചാണോ ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ പുതിയ മുറിനിർമ്മിക്കുന്നതിനായി എടുത്ത പെർമിറ്റ് വീടിന്റെ പ്ലാൻ എന്നിവയുടെ പകർപ്പ്, പണി പൂർത്തിയാക്കിയ ശേഷം നികുതിനിർണയം നടത്തി നികുതി അടച്ചതിന്റെ രേഖ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അവസാന ഗഡു ഗുണഭോക്താക്കൾക്ക് നൽകുമ്പോൾ ഇക്കാര്യം ഉറപ്പുവരുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നത് വരെ 575000 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 ഗുണനിലവാരം ഉറപ്പു വരുത്താതെ ഭക്ഷ്യ മിശ്രിതം വിതരണം ചെയ്തു

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

ചെലവ് – 3286244 രൂപ

ഗ്രാമ പഞ്ചായത്തിലെ 32 അങ്കണവാടികളിലെ കുട്ടികൾക്കായി എസ്.ഒ 08/2019-20 (അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി) യിൽ ഉൾപ്പെടുത്തി ടി.എച്ച് ആർ.എസ് ഭക്ഷ്യ മിശ്രിതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. നാച്ചുറൽ ഫുഡ് പ്രൊഡക്ട്സ് കക്കോടി ,നവജീവൻ പോഷകാഹാര നിർമ്മാണ യൂണിറ്റ്,കൂടരഞ്ഞി, തേജസ്സി ഫുഡ് പ്രൊഡക്ട്സ് , പാഞ്ചജന്യം ഫുഡ് പ്രൊഡക്ട് എന്നീ ന്യൂട്രീമിക്സ് കുടുംബശ്രീ യൂണിറ്റുകളിൽനിന്നാണ് ഭക്ഷ്യമിശ്രിതം അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. എന്നാൽ ഈ ന്യൂട്രീമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കണമെന്ന സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി ഡി.എസ് ബി.3-312/ 2010/18-12-10 - ലെ കത്തിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക കൈമാറി യിട്ടുള്ളത് . ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യത്തിൽ യാതൊരു ഇടപെടലും നടത്തിയിട്ടില്ല . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പരിശേധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.പരിശോധനാ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ് .

## 1-31 കിണർ റീചാർജിങ്ങ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19, 2019-20 വർഷങ്ങളിൽ താഴെ പറയുന്ന പദ്ധതികൾ വഴി 21 ഗുണഭോക്താക്കൾക്ക് കിണർ റീ ചാർജ് ചെയ്യുന്നതിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് | വകയികുത്തിയ തുക | ചെലവ് | റിമാർക്ക്സ് |
|---|---|---|---|
| 142/18-19 (സ്പിൽ ഓവർ) | 400000-വികസനഫണ്ട്<br>400000-ബ്ലോക്ക് ഫണ്ട<br>400000-ജില്ലാ പഞ്ചായത്ത് ഫണ്ട് | 40500-വികസന ഫണ്ട്<br>33750-ബ്ലോക്ക് ഫണ്ട<br>33750-ജില്ലാ പഞ്ചായത്ത് ഫണ്ട് | 27 ഗുണഭോക്താക്കൾക്ക് കിണർ റിചാർജ് ചെയ്യുന്നതിനുള്ള മൊത്തം ചെലവിന്റെ<br>(യൂണിറ്റിന് 8000 രൂപ) 50% മുൻകൂർ തുക<br>സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് നൽകി |

| | | | |
|---|---|---|---|
| | | ആകെ -108000 | |
| 171/19-20 കിണർ റീചാർജിങ്ങ് പദ്ധതി (പുതിയത്) | 40500- വികസനഫണ്ട് 33750- ബ്ലോക്ക് ഫണ്ട് 33750-ജില്ലാ പഞ്ചായത്ത് ഫണ്ട് | 0- വികസനഫണ്ട് 33750- ബ്ലോക്ക് ഫണ്ട് തിയ്യതി- 20.03.20 33750-ജില്ലാ പഞ്ചായത്ത് ഫണ്ട് 20.03.20 ന് തുക കൈമാറി | 40500 രൂപ വികസന ഫണ്ട് ബിൽ20.03.20 ന് സമർപ്പിച്ചത് ക്യൂ ബിൽ ആകുകയും 11.04.20ന് ബിൽ പാസാകുകയും ചെയ്തിട്ടുണ്ട്. ഇതുൾപ്പെടെ 108000 രൂപ സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന് നൽകി |

27 ഗുണഭോക്താക്കളുടെ ആകാശഗംഗ കിണർ റീചാർജിങ്ങ് പ്രവൃത്തി സ്കിൽ ഡവലപ്പ്മെന്റ് സെന്റർ പൂർത്തിയാക്കിയെന്ന സാക്ഷ്യ പത്രം ഫയലിൽ ലഭ്യമാണ് . പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) 2017-18 ൽ കിണർ റീചാർജിങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുമായി 26.03.2018 കരാർ വച്ചിട്ടുണ്ട്. ഇതിലെ 3മത്തെ വ്യവസ്ഥ പ്രകാരം കിണർ റീചാർജിനുള്ള യൂണിറ്റ് വിലയുടെ ഗുണഭോക്തൃ വിഹിതമായ 10% കിഴിച്ച് ബാക്കി തുകയാണ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് ഗ്രാമ പഞ്ചായത്ത് നൽകേണ്ടത്. 27 ഗുണഭോക്താക്കൾക്ക് യൂണിറ്റിന് 8000 രൂപ വെച്ചുള്ള ആകെ തുകയായ 216000 രൂപയുടെ 10%കിഴിച്ചുള്ള തുക നൽകിയാൽ മതിയായിരുന്നു. ഇവിടെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. അതായത് 21600 രൂപ സ്കിൽ ഡവലപ്പമെന്റ് സെന്ററിന് അധികം അനുവദിച്ചിട്ടുണ്ട്.

2. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചപ്രകാരം സാധന സാമഗ്രികൾ ഉപയോഗിച്ചത് സംബന്ധിച്ചും പൂർത്തീകരിച്ച നിർമ്മാണം സംബന്ധിച്ചുമുള്ള വാല്യേഷൻ സർട്ടിഫിക്കറ്റ് ,മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 21/19-20 മറുപടി ലഭ്യമാക്കിയിട്ടില്ല. സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന് അധികം നൽക്കിയ 21600രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

## 1-32 കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ പദ്ധതിനടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതി - എസ്.ഒ 28/19-20 ഐ.സി.ഡി.എസ് സൂപ്പർ വൈസർ, ബഡ്സ് സ്കൂൾ, സാക്ഷരതാ കേന്ദ്രം എന്നിവിടങ്ങളിലേയ്ക്ക് കമ്പ്യൂട്ടർപ്രിന്റർ

ചെലവ് -189169 തനത് ഫണ്ട് /30.03.2020

ഈ പദ്ധതി പിന്നീട് റിവൈസ് ചെയ്ത് പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ്,പ്രിന്റർ,കമ്പ്യൂട്ടർ വാങ്ങൽ എന്നാക്കി മാറ്റിയിട്ടുണ്ട് . സർക്കാർ നിർദ്ദേശ പ്രകാരം ജം പോർട്ടൽ വഴിയാണ് പർച്ചേസ് നടത്തിയിട്ടുള്ളത് . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കമ്പ്യൂട്ടർ വാങ്ങുന്നതിന് 40469 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ ഇതുവരെ ലഭ്യമായിട്ടില്ല.

2) 148700 രൂപ ചെലവഴിച്ച് ഫോട്ടോ സ്റ്റാറ്റ് പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്റ്റോക്കിൽ എടുത്തിട്ടില്ല. പഴയ ഫോട്ടോ സ്റ്റാറ്റ് പ്രിന്റർ എന്നിവ എന്തു ചെയ്തു എന്നും വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 20/19-20 മറുപടി ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ലെന്നും ഫോട്ടോസ്റ്റാറ്റ് പ്രിന്റർ എന്നിവ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെന്നും, പഴയ ഫോട്ടോ സ്റ്റാറ്റ് പ്രിന്റ് എന്നിവ തൊഴിലുറപ്പ് പദ്ധതി ഓഫീസിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമാകുന്നതു വരെയും സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കുന്നതു വരെയും ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-33 കന്നുകുട്ടി പരിപാലന പദ്ധതി - ഫണ്ട് വിനിയോഗം സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - വെറ്ററിനറി സർജൻ |
| പദ്ധതി | - എസ്.ഒ.61/18-19 |
| ചെലവ് | -312500 (വികസന ഫണ്ട് |
| ബിൽ നമ്പർ,തിയ്യതി | – 04/30.12.2019 |

മൃഗസംരക്ഷണ വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി 312500 രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായ 312500 രൂപയുൾപ്പെടെ യുള്ള 625000 രൂപയിൽ 191788 രൂപ മാത്രമാണ് 17.07.2020വരെ വിനിയോഗിച്ചിട്ടുള്ളത് (UC NO.A4/443/16,Dated, 17.07.2020) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബാക്കി 433212 രൂപ വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 15/19-20 മറുപടി ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ വിവരം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 312500 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 1-34 പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കലും അനുബന്ധ പ്രവർത്തനങ്ങളും പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | - എസ്.ഓ. 51/20 |
| അടങ്കൽ | -263800(240000-വികസന ഫണ്ട്, |
| 23800 | -സംസ്ഥാനാവിഷ്കൃത ഫണ്ട്) |

പഞ്ചായത്ത് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 ൽ നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഒരു പദ്ധതിയാണിത് . കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനായി 18 വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഹരിത കർമ്മസേന വഴി ശേഖരിക്കുക മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചെലവ് തുകയ്ക്ക് ആധികാരികതയില്ല.

ഐ.കെ.എം ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം 2019-20 വർഷത്തിൽ ചെലവ് ഇല്ല എന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 16.09.2019 ലെ 21900496 നമ്പർ വൗച്ചർ പ്രകാരം ഈ പദ്ധതിയ്ക്കായി 120630 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ നിന്ന് അല്ല ഈ ചെലവ് നടത്തിയിട്ടുള്ളത്. ഹരിതകർമ്മ സേന വഴി പിരിച്ചെടുത്ത് പഞ്ചായത്തിൽ അടച്ചിട്ടുള്ള തുകയിൽ നിന്നാണ് ഈ ചെലവ് വഹിച്ചിട്ടുള്ളത്.

2.ഹരിത കർമ സേന പ്രവർത്തനത്തിലെ അപാകത.

പഞ്ചായത്തിലെ ഹരിത കർമ്മ സേന മിനുട്സ് പരിശോധിച്ചതിൽ 22.03.2018 ന് ഒരുതവണ മാത്രമാണ് ഹരിതകർമ സേനയിലെ അംഗങ്ങളും ഭരണ സമിതിയും ഉൾപ്പെടെ 23 പേർ ചേർന്ന് യോഗം നടത്തിയിട്ടുള്ളത്. ഈ യോഗത്തിൽ വച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുന്നതിനും ഇതിനായി ഫീസ് ഈടാക്കുന്നതിനായ് രശിത് ബുക്കുകൾ അച്ചടിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിനു ശേഷം ഹരിതകർമ്മ സേന യോഗം ചേർന്നിട്ടില്ല.

3. ഹരിത കർമ്മ സേന ഫീസ് പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല

12.04.2018 ന് പഞ്ചായത്ത് ഹരിത കർമസേന വഴി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് ഫീസ് പിരിയ്ക്കുന്നതിനായി 9850 രൂപ ചെലവഴിച്ച് (ചെക്ക് നമ്പർ- 056923) 120 രശീത് പുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. സ്റ്റോക്ക് റജിസ്റ്റർ പ്രകാരം ഈ പുസ്തകൾ 18 വാർഡുകളിലെ മെമ്പർമാർക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ ഈ രശീതുകൾ ഉപയോഗിച്ച് ഹരിത കർമ്മ സേന വഴി എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും അവ പഞ്ചായത്തിൽ അടച്ചതിന്റെ യും തുക ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. ഓരോ വാർഡുകളിലും കലക്ഷൻ റജിസ്റ്റർ സൂക്ഷിക്കുകയോ പിരവിന്റെ കൃത്യത ഓഫീസിൽ പരിശോധിക്കുകയോ ചെയ്തിട്ടില്ല. 120 രശിത് പുസ്തകങ്ങൾ നൽകിയതിൽ 77 എണ്ണം ഭാഗികമായോ പൂർണമായോ ഉപയോഗിച്ച രീതിയിൽ തിരികെ ലഭിച്ചത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 120 രശീതികളും കളക്ഷൻ റജിസ്റ്ററുകളും പിരിവു തുകയുടെ അടവിന്റെ വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4. അച്ചടിച്ച 120 രശീത് പുസ്തകങ്ങളിൽ ക്രമ നമ്പർ 89,94,116, എന്നീ പുസ്തകങ്ങൾ ആർക്കും ഇഷ്യൂ ചെയ്തിട്ടില്ല. ഈ പുസ്തകങ്ങളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5. 19-20 ൽ ഹരിത കർമ്മ സേന പ്രവർത്തകർക്ക് പ്രതിഫലം നൽകിയ 120630 രൂപ 15 വാർഡുകളിലെ 16 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് മാറിയതിന്റെ സ്റ്റേറ്റ്മെന്റ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ . മറ്റു വിശദാംശങ്ങളൊന്നും ലഭ്യമായിട്ടില്ല. 9,12,16, വാർഡുകളിൽ തുക നൽകിയിട്ടില്ല. എല്ലാ വാർഡുകളിലെയും ഹരിത കർമ്മ സേനയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും ഇതിനായി നടപ്പിലാക്കിയ മേൽ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 19/19-20 മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ചെക്ക്- തുക ഇത് വരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തത് സംബന്ധിച്ച്

2019-20 വർഷം എസ്സാർ ടെൽകോം ഇന്റസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും കെട്ടിട നം 18/227 A മൊബൈൽ ടവറിന്റെ വസ്തു നികുതിയിനത്തിൽ 15424/ രൂപയുടെ ചെക്ക് ലഭിച്ചിരുന്നു. ചെക്കിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ലഭിച്ച തിയതി | ചെക്ക് നം/തിയതി | നൽകിയ രസീതി നം |
|---|---|---|
| 28-09-2019 | 607072/04-07-2019 | 11902050006 |

ഈ ചെക്ക് കോ-ഓപറേറ്റീവ് ബാങ്കിൽ അതേ ദിവസം കളക്ഷന വേണ്ടി സമർപ്പിച്ചിട്ടുണ്ട്. ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഏന്നിവ പരിശോധിച്ചപ്പോൾ ഈ തുക ഓഡിറ്റ് തിയതി വരെ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല എന്ന് വ്യക്തമായി.

സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ 2019-20 വർഷത്തെ ഈ മൊബൈൽ ടവറിന്റെ കെട്ടിട നികുതി മേൽ രസീതി പ്രകാരം അടവാക്കിയത് പോസ്റ്റ് ചെയ്യുകയും അത് സെക്രട്ടറി അംഗീകരിക്കുകയും ചെയ്തിട്ടുമുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തത് കൊണ്ട് വരവ് നഷ്ടം സംഭവിച്ചു. ഈ ചെക്ക് ഇത് വരെയും മാറാത്തതിന് കാരണം വ്യക്തമാക്കാനും ,ഇത് മൂലമുണ്ടായ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാനും ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കിറിപ്പിന് നൽകിയ മറുപടിയിൽ, ചെക്ക് കാലാവധി കഴിഞ്ഞത് കൊണ്ടാണ് ബാങ്കിൽ നിന്നും മടക്കിയതെന്നും , ചെക്ക് മാറ്റി നൽകിയിട്ടില്ലെങ്കിൽ നിയമ നടപടികളടക്കം സ്വീകരിക്കുമെന്നറിയ്യിച്ച് കൊണ്ട് എസ്സാർ ടെൽകോമിന് കത്തെഴുതിയിട്ടുണ്ടെന്നും അറിയിച്ചു. വരവ് നഷ്ടം 15424/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും | തറ വിസ്തീർണം | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (സഞ്ചയ പ്രകാരം) | (സഞ്ചയ പ്രകാരം) | | അടക്കം)+ ലൈബ്രറി സെസ്സ്) | | വർധനവും അടക്കം)+ ലൈബ്രറി സെസ്) | |
| 2/294 A<br>കെ വി സന്തോഷ്, കടുകംവള്ളി,, കുരുവട്ടൂർ, 673611,,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധ വർഷം മുതൽ) | 131.52 | 30 | (വഴി സൗകര്യം 20% വർദ്ധനവ്,<br>മേൽക്കൂര ഇളവ് 10%)<br>4341+218 =4559 | 50 | വഴി സൗകര്യം 20% വർദ്ധനവ്,<br>മേൽക്കൂര ഇളവ് 10% എന്നിവ അടക്കം)<br>7234+362 =7596 | 2013-14=2893+144=3037<br>2014-15=2893+144=3037<br>2015-16=2893+144=3037<br>2016-17=2893+144=3037<br>2017-18=2893+144=3037<br>2018-19=2893+144=3037<br>2019-20=2893+144=3037<br>Total=20251+1008=21259 |
| 12/472<br>Eമുഹമ്മദാലി, കേലാട്ട്,,,,,,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 147.66 | 30 | (വഴി സൗകര്യം 20% വർദ്ധനവ്,<br>5316+266 =5582 | 50 | (വഴി സൗകര്യം 20% വർദ്ധനവ്,<br>8860+443 =9303 | 2014-15=3544+177=3721<br>2015-16=3544+177=3721<br>2017-18=3544+177=3721<br>2018-19=3544+177=3721<br>2019-20=3544+177=3721<br>Total=17720+885=18605 |
| 14/38 B<br>കെ.ശാരദാമ്മ, എൻ.പി.രവീന്ദ്രൻ നായറ് ,കോര ങ്കണ്ടത്തില്, പറമ്പിൽ,,673012,<br>(നികുതി പ്രാബല്യ ത്തിൽ വരുന്ന തിയതി-2016 രണ്ടാം അർദ്ധ വർഷം മുതൽ) | 238.75 | 30 | മേൽക്കൂര ഇളവ് 10% അടക്കം)<br>6447+323 =6770 | 50 | മേൽക്കൂര ഇളവ് 10% അടക്കം)<br>10744+538 =11282 | 2016-17=2148+108=2256<br>2017-18=4297+215=4512<br>2018-19=4297+215=4512<br>2019-20=4297+215=4512<br>Total=15039+753=15792 |
| 15/632 E<br>ദേവദാസൻ എൻബാബു.എൻ നാരന്നോത്ത്, പറമ്പിൽ,,,, | 171.4 | 30 | (വഴി സൗകര്യം 20% വർദ്ധനവ്,<br>ബഹുനില ഇളവ് 5%) | 50 | (വഴി സൗകര്യം 20% വർദ്ധനവ്,<br>ബഹുനില ഇളവ് 5%) | 2016-17=3907+195=4102<br>2017-18=3907+195=4102<br>2018-19=3907+195=4102<br>Total=11721+585=12306 |

| | | | | | | |
|---|---|---|---|---|---|---|
| (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2016 ഒന്നാം അർദ്ധവർഷം മുതൽ) | | | 5863+294 =6157 | | 9770+489 =10259 | |
| ആകെ | | | | | | 64731 + 3231=67962 |

അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയ്ച്ചിട്ടുണ്ട്.കുടിശ്ശികയായി ലഭിക്കേണ്ട 67962/- രൂപ കെട്ടിടമുടമകളിൽ നിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് . കൂടാതെ മേൽ കെട്ടിടങ്ങളുടെ നികുതി യഥാർത്ഥ നിരക്കിൽ പുനർ നിർണയിക്കേണ്ടതും ,ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വനിത വ്യവസായ കേന്ദ്രം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചു

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ : 896740/- വികസനഫണ്ട് ജനറൽ

ചെലവ് : 301528/-ബിൽ നം.71/18-19/29.3.19

594909/-ബിൽ നം.33/19-20/8.9.219

വനിതാ വ്യവസായ കേന്ദ്രത്തിന്റെ ഒന്നാം നിലയിൽ റൂം തിരിക്കാനും, ഫ്ലോറിംഗിനും വേണ്ടിയുള്ള പദ്ധതിയാണിത്. ലാറ്ററൈറ്റ് ഉപയോഗിച്ച് ഇടച്ചുമരുകൾ പണിത് പ്ലാസ്റ്ററിംഗ് നടത്തി പെയിംന്റിംഗും, നിലം ടൈൽ ചെയ്യുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. ഈ ടെണ്ടർ നടത്തി ഏറ്റവും കുറവ് നിരക്ക് (എസ്റ്റിമേറ്റിൽ നിന്നും 15.76% താഴെ)ക്വാട്ട് ചെയ്ത മുഹമ്മദ് അഫ്സൽ ഇ.പി. എന്ന കരാറുകാരന് പ്രവർത്തി നൽകി. ഓഡിറ്റിന്റെ ഭാഗമായി പ്രവർത്തി സ്ഥലം 23.7.20 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

- എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 9 പ്രകാരം ഫ്ലോറിംഗിനായി വെള്ള, ഐവറി, ഗ്രേ, ഫ്ലൂം റെഡ് ബ്രൗൺ എന്നീ നിറങ്ങളൊഴികെയുള്ള 300 X 300mm വിസ്തൃതിയുള്ള റെക്റ്റിഫൈഡ് സെറാമിക് ടൈലുകളാണ് ഉൾപ്പെടുത്തിയിരുന്നത് (DAR ഐറ്റം നമ്പർ 11.40). എന്നാൽ യഥാർത്ഥത്തിൽ ഫ്ലോറിംഗിനായി ഉപയോഗിച്ചിരിക്കുന്നത് ഗ്രേ നിറത്തിലുള്ള ടൈലാണ്. ഈയിനം ടൈലിന് മറ്റു നിറത്തിലുള്ള ടൈലിനേക്കാൾ നിരക്ക് കുറവാണ്. അളവു പുസ്തകം നമ്പർ 235/16-17 പേജ് 32 പ്രകാരം ആകെ 313.45 ച.മീ.വിസ്തൃതിയിൽ ടൈൽ വിരിച്ചതിന് 1000/-രൂപ നിരക്കിൽ (1236.69/- രൂപയുടെ 19.14% കുറഞ്ഞ നിരക്ക്) 313450/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രേ നിറത്തിലുള്ള മേൽ അളവിലുള്ള ടൈലിന് DAR ഐറ്റം 11.39 പ്രകാരം ഒരു ച.മീറ്റർ വിസ്തൃതിയ്ക്ക് 1128.82/- രൂപ നിരക്കാണുള്ളത്. ഇത് കരാറുകാരൻ ക്വാട്ട് ചെയ്ത 19.14% നിരക്ക് കുറവ് കണക്കാക്കിയാൽ ച.മീറ്ററിന് 912.81 രൂപ നിരക്ക് മാത്രമേ നൽകേണ്ടതുള്ളൂ. അതായത് യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക 286120.29/-(313.45 X 912.81) രൂപയാണ്. ഈയിനത്തിൽ കരാറുകാരന് അധികമായി 27330/-രൂപ നൽകിയിട്ടുണ്ട്.

- ഇടഭിത്തി നിർമ്മാണത്തിന് ലാറ്ററൈറ്റ് മേസൻറി 2.1മീറ്റർ ഉയരത്തിൽ നൽകി, അതിനു മുകളിൽ ലിന്റലും, പിന്നീട് മുകളിൽ വീണ്ടും 0.85മീറ്ററിൽ ലാറ്ററൈറ്റ് മേസൻറി നടത്തുകയാണുണ്ടായത്. പ്രവർത്തി നേരിട്ട് പരിശോധിച്ചപ്പോൾ ഇടഭിത്തികൾക്ക് ലിന്റൽ നൽകി ബലപ്പെടുത്തിയിട്ടുണ്ടോയെന്ന് സംശയിക്കും വിധം, ഭിത്തിയുടെ മൂന്നു സൈഡിലും പ്ലാസ്റ്ററിംഗ് കെട്ടിടത്തിന്റെ കോളം സ്ട്രക്ച്ചറിൽ നിന്നും വിള്ളൽ വീണ നിലയിലാണ്. എല്ലാ ഭിത്തിയിലും ഈ വിള്ളൽ രൂപപ്പെട്ടിട്ടുണ്ട്. പ്രവർത്തിയുടെ ഗുണമേന്മ ഉറപ്പുവരുത്തും വിധം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഫയലിലില്ല.
- 2018-19 വർഷത്തിൽ വിഭാവനം ചെയ്ത പുതിയ പ്രോജക്ടാണിത്. തൻവർഷം പ്രവർത്തിയുടെ പാർട്ട് ബിൽ തയ്യാറാക്കി തുക നൽകിയിട്ടുണ്ട്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം 28.3.2019 ന് മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ച് അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തിയുടെ ബാക്കി തുക നൽകിയിരിക്കുന്നത് 2019-20 വർഷത്തിലാണ്. ഇതിനായി 2019-20 വർഷത്തിൽ ഈ പദ്ധതി വീണ്ടും പുതിയ പദ്ധതിയായി ആവിഷ്കരിച്ചു. സ്പിൽഓവർ ആക്കുന്നതിന് പകരം പുതിയ പദ്ധതിയായി ആവിഷ്കരിച്ചതെന്തിനാണെന്ന് വ്യക്തമല്ല.
- മുകളിൽ വിവരിച്ച പ്രകാരം പാർട്ട് ബിൽ നൽകിയപ്പോൾ നിയമപ്രകാരം പിടിച്ചു വയ്ക്കേണ്ട റീടെൻഷൻ തുക പിടിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, കരാറുകാരന് അധികമായി നൽകിയ 27330/-രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-2 കിണർ റീ ചാർജിങ്ങ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19, 2019-20 വർഷങ്ങളിൽ താഴെ പറയുന്ന പദ്ധതികൾ വഴി 21 ഗുണഭോക്താക്കൾക്ക് കിണർ റീ ചാർജ് ചെയ്യുന്നതിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവ് | റിമാർക്ക്സ് |
|---|---|---|---|
| 142/18-19 (സ്പിൽ ഓവർ) | 400000-വികസനഫണ്ട്<br>400000-ബ്ലോക്ക് ഫണ്ട<br>400000-ജില്ലാ പഞ്ചായത്ത് ഫണ്ട് | 40500-വികസന ഫണ്ട്<br>33750-ബ്ലോക്ക് ഫണ്ട<br>33750-ജില്ലാ പഞ്ചായത്ത് ഫണ്ട്<br>ആകെ -108000 | 27 ഗുണഭോക്താക്കൾക്ക് കിണർ റിചാർജ് ചെയ്യുന്നതിനുള്ള മൊത്തം ചെലവിന്റെ (യൂണിറ്റിന് 8000 രൂപ) 50% മുൻകൂർ തുക സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് നൽകി |
| 171/19-20 കിണർ റിചാർജിങ്ങ് പദ്ധതി (പുതിയത്) | 40500-വികസനഫണ്ട്<br>33750-ബ്ലോക്ക് ഫണ്ട്<br>33750-ജില്ലാ പഞ്ചായത്ത് ഫണ്ട് | 0-വികസനഫണ്ട്<br>33750-ബ്ലോക്ക് ഫണ്ട്<br>33750-ജില്ലാ പഞ്ചായത്ത് ഫണ്ട്<br>20.03.20 ന് തുക കൈമാറി | 40500 രൂപ വികസന ഫണ്ട് ബിൽ20.03.20 ന് സമർപ്പിച്ചത് ക്യൂ ബിൽ ആകുകയും 11.04.20ന് ബിൽ പാസാകുകയും ചെയ്തിട്ടുണ്ട്. ഇതുൾപ്പെടെ 108000 രൂപ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് നൽകി |

27 ഗുണഭോക്താക്കളുടെ ആകാശഗംഗ കിണർ റീചാർജിങ്ങ് പ്രവർത്തി സ്കിൽ ഡവലപ്പ്മെന്റ് സെന്റർ പൂർത്തിയാക്കിയെന്ന സാക്ഷ്യ പത്രം ഫയലിൽ ലഭ്യമാണ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) 2017-18 ൽ കിണർ റീചാർജിങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുമായി 26.03.2018 കരാർ വച്ചിട്ടുണ്ട്. ഇതിലെ 3മത്തെ വ്യവസ്ഥ പ്രകാരം കിണർ റീചാർജിനുള്ള യൂണിറ്റ് വിലയുടെ ഗുണഭോക്തൃ വിഹിതമായ 10% കിഴിച്ച് ബാക്കി തുകയാണ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് ഗ്രാമ പഞ്ചായത്ത് നൽകേണ്ടത്. 27 ഗുണഭോക്താക്കൾക്ക് യൂണിറ്റിന് 8000 രൂപ വെച്ചുള്ള ആകെ തുകയായ 216000 രൂപയുടെ 10%കിഴിച്ചുള്ള തുക നൽകിയാൽ മതിയായിരുന്നു. ഇവിടെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. അതായത് 21600 രൂപ സ്കിൽ ഡവലപ്പമെന്റ് സെന്ററിന് അധികം അനുവദിച്ചിട്ടുണ്ട്.

2. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചപ്രകാരം സാധന സാമഗ്രികൾ ഉപയോഗിച്ചത് സംമ്പന്ധിച്ചും പൂർത്തീകരിച്ച നിർമ്മാണം സംമ്പന്ധിച്ചുമുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 21/19-20 മറുപടി ലഭ്യമാക്കിയിട്ടില്ല. സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന് അധികം നൽക്കിയ 21600രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

<u>3-3 വികസന ഫണ്ട് അധിക തുക ചെലവഴിച്ചു</u>

പഞ്ചായത്ത് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്തൃവിഹിതമായി ഗുണഭോക്താക്കളിൽ നിന്ന് പണം പിരിക്കുകയും അത് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ പദ്ധതി നടപ്പിലാക്കിയ പ്പോൾ ഗുണഭോകതൃവിഹിത മുൾപ്പെടെയുള്ള തുക വികസസന ഫണ്ടിൽ നിന്നു തന്നെ പിൻ വലിച്ച് ചെലവഴിച്ച തായിക്കാണുന്നു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് | റിമാർക്ക്സ് | വികസനന ഫണ്ടിൽ നിന്നുള്ള അധിക ചെലവ് |
|---|---|---|---|
| എസ്.ഒ. 41/19-20 വീട്ട് വളപ്പി ൽ ഒട്ടുമാവ് തൈ വിതരണം | 22000- വികസന ഫണ്ട് ബിൽ നം 6/07.01.2020 | 110 ഗുണഭോക്താക്കൾക്ക് 200രൂപയുടെ തൈ വിതരണം ചെയ്തു.110 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം തുക (25% =110X50) 5500രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട് ,ഈ തുക ചെലവഴിക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച . | 5500 രൂപ |
| എസ്.ഒ. 48/19-20 | 59200- വികസന | 80 രൂപ വിലയുള്ള 740 ഗ്രോ ബാഗുകൾ ഗുണഭോക്താക്കൾക്ക് | 14800 രൂപ |

| | | | |
|---|---|---|---|
| ഗ്രോ ബാഗ് പച്ചക്കറി | ഫണ്ട് ബിൽ നം 10/16.02.2020 | വിതരണം ചെയ്തു.ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം തുക (25%= 20X740 ) 14800രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട് ,ഈ തുക ചെലവഴിക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചു . | |

പിരിച്ചെടുത്ത സബ്സിഡി തുക ചെലവഴിയ്ക്കാതെ വികസന ഫണ്ടിൽ നിന്ന് 20300 രൂപ അധികതുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (22/ 2019-20 30. 07.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 20300 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 29.07.2020 | നമ്പർ.കെ.എസ്.എ.കെ.കെ.ഡി. ഇ2/798/2020 |

### 4-3 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 70000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 70000 | 0 |
| | | 2000000 | ലൈഫ് ഭവന നിർമാണം | 2000000 | 0 |
| | | 33750 | കിണർ റീചാർജ്ജ് | 33750 | 0 |
| | | 350000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 350000 | 0 |
| | | 500000 | ഉള്ളിപറമ്പത്ത് മീത്തൽ കോളനി റോഡ് | 500000 | 0 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | | 84000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 84000 | 0 |
| | | 557278 | കുരുവട്ടൂർ കമ്മ്യൂണിറ്റി കുടിവെള്ള പദ്ധതി | 551617 | 5661 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 150000 | ലൈഫ് ഭവന നിർമാണം(എസ്.സി) | 150000 | 0 |
| | | 1400000 | ലൈഫ് ഭവന നിർമാണം | 1400000 | 10 |
| | | 33750 | കിണർ റീചാർജ്ജ് | 33750 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 7500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ ഷെയർ നം.2987 | ലഭ്യമല്ല | ലഭ്യമല്ല | 2500 | |
| 2. | കരിപ്പൂർ വിമാനത്താവളം പലിശ രഹിത നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | 5000 | |
| ആകെ | | | | 7500 | |

## 4-6 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ലോൺ | സ.ഉ.(എം.എസ്.) 533/10/18.2.2010 | 1,23,25,000 | 9,79,790 | 5,00000 | __ | 479790 |
| ലൈഫ് | ഹഡ്കോ വായ്പ | 1,03,00,000 | ഇല്ല | 9,55,882 | 0 | 93,44,118 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 30 (A) | 2003-04 (പൊതുപരാമർശം) | 11.13..21 | നികുതി പിരിവിൽ അലംഭാവം | |
| 1999-2000 | | 2003-04 | 11.14 | മണൽ ലേലം ക്രമക്കേട് | |
| 2000-01 | | 2004-05 (പൊതുപരാമർശം | 11.13.10 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.13.50 | നികുതി പിരിവിൽ അലംഭാവം | |
| 2002-03 | 3-2 | 2006-07 (പൊതുപരാമർശം) | 3.79.5.12 | വാട്ടർ ചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതുപരാമർശം) | 3.79.6.12 | മണൽവിൽപ്പന | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80974415 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71892288 |
| വരവിനങ്ങളിലുള്ള നഷ്ടം | 30065 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69230 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2267125 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 15424 | | ശ്രീമതി.റോസമ്മ ജേക്കബ്ബ്,സെക്രട്ടറി |
| 2-2 | 14641 | | ശ്രീമതി.റോസമ്മ ജേക്കബ്ബ്,സെക്രട്ടറി |
| 3-1 | | 27330 | ശ്രീമതി.ഷീജ .സി, അസി.എൻജിനീയർ |
| 3-2 | | 21600 | ശ്രീമതി.റോസമ്മ ജേക്കബ്ബ്,സെക്രട്ടറി |
| 3-3 | | 20300 | ശ്രീ.രൂപക് ടി,കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 611430 | ശ്രീ.ഹംസ്,ഹെഡ് മാസ്റ്റർ |
| 1-21 | 300000 | ശ്രീമതി.രാധിക എൻ.ആർ, സെക്രട്ടറി |
| 1-21 | 41921 | ശ്രീമതി.റോസമ്മ ജേക്കബ്ബ്,സെക്രട്ടറി |
| 1-22 | 6795 | ശ്രീമതി.ബിന്ദു ജോസഫ്, മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 1-28 | 230310 | ഡോ.ജിഷ,മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 1-29 | 575000 | ശ്രീ. നിഷാന്ത് ,അസി. സെക്രട്ടറി |
| 1-32 | 189169 | ശ്രീമതി.റോസമ്മ ജോക്കബ്ബ്,സെക്രട്ടറി |
| 1-33 | 312500 | ഡോ.ജെസ്സി,വെറ്ററനറി സർജ്ജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-2 – ഗ്രന്ഥശാലാവരി – 731

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.റോസമ്മ ജേക്കബ്ബ് | സെക്രട്ടറി,കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | കാവുംവാതുക്കൽ,വേങ്ങേരി, കോഴിക്കോട് -673010 |
| ശ്രീമതി.രാധിക എൻ.ആർ | സെക്രട്ടറി, | കുളങ്ങരകുടി ഹൗസ്,സുജന വില്ല,തിരുവണ്ണൂർ നട(പി.ഒ) കോഴിക്കോട്-673629 |
| ഡോ.ബിന്ദു ജോസഫ്, | മെഡിക്കൽ ഓഫീസർ,കുരുവട്ടൂർ ഗവ. ആയുർവേദ ഡിസ്പെൻസറി | കുന്നത്ത് ഹൗസ്,ചേവായൂർ , പി.ഒ,കോഴിക്കോട്-673017 |
| ഡോ.ജിഷ | മെഡിക്കൽ ഓഫീസർ,ഹോമിയോ ഡിസ്പെൻസറി | ജിനിക നിവാസ് ,പില്ലാശ്ശേരി (പി.ഒ.) കുന്ദമംഗലം – 673571 |
| ശ്രീ. നിഷാന്ത്.ആർ | അസി. സെക്രട്ടറി | ഫ്ളോറിയേറ്റ്,എ.കെ.വി.കെ റോഡ്,കോവൂർ,കോഴിക്കോട് -673017 |
| ഡോ.ജെസ്സി | വെറ്ററിനറി സർജ്ജൻ,വെറ്ററിനറി ഡിസ്പെൻസറി ,കുരുവട്ടൂർ | കിഴക്കയിൽ ഹൗസ്,നൻമണ്ട (പി.ഒ) കോഴിക്കോട്-673613 |
| ശ്രീ.ഹംസ് | ഹെഡ് മാസ്റ്റർ,ഗവ.വെൽഫെയർ എൽ.പി സ്കൂൾ | ഏലാഞ്ചേരി ഹൗസ്,നരിക്കുനി(പി.ഒ) കോഴിക്കോട്-673585 |
| ശ്രീ.രൂപക് ടി | കൃഷി ഓഫീസർ,കുരുവട്ടൂർ | ലെയ്ക്ക് വ്യൂ അപ്പാർട്ട്മെന്റ്,സെന്റ് വിൻസെന്റ് കോളനി,എരഞ്ഞിപ്പാലം (പി.ഒ),കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി/ പി3/2079/13/22.4.14 | 19 (1) (3) |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/ പി3/2078/13/22.4.14 | 40, 54 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി/പി3/82/14/22.4.14 | 27(1), 27(2), 29, 30(എ), 31, 35,36, 38, 39, 40, 41, 42,43 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(12) തീയതി 07.06.2011 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(13) തീയതി 07.06.2011 | 3-2, 3-5 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(14) തീയതി 07.06.2011 | 3-2, 3-3, 3-7, 4-6(ബി) |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(15) തീയതി 07.06.2011 | 2-3, 3-2, 3-4,3-7, 3-8, 3-9, 3-10, 3-11 |
| 2006-07 | | |
| 2007-08 | ഗുണഭോക്തൃവിഹിതംഎൽ.എഫ്.കെ.കെ.ഡി/ പി3/1271/2011 തീയതി 05.07.2012 | 2-1, 2-2(2), 2-3, 2-5, 2-6(1), 2-8(1), 2-9, 3-1, 3-2, 3-3, 3-4, 3-7, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി3/660/ 2012 തീയതി 22.06.2012 | 1-1, 1-6, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 4-3, 4-6, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി3/1660/2012 തീയതി 05.07.2012 | 2-2, 2-3, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-23, 4-3, 4-6,4-7 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി3/54/14 തീയതി 02.05.2014 | 1-5, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി./ പി3/1458/15/9.10.15 | 1-1, 1-2, 1-3, 1-6, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി./ പി3/1163/16/28.7.17 | 2-1-1, 2-1-2, 2-1-3, 2-1-4, 2-1-5,2-1-6, 2-3-1,2-3-2, 2-4,2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./ പി3/1942/17/3.1.18 | 2-1, 2-2, 2-3,2-4,2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4-1, 3-4-2, 3-6, 3-7, 3-8, 3-9, 3-10, 3- |

| | | |
|---|---|---|
| | | 11, 3-12, 3-13, 3-14,3-15, 3-16, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3/1749/2018 തീയതി 06.10.2018 | 2-1-1,2-1-2, 2-1-3, 2-1-4, 2-1-6, 2-2, 2-3, 2-5, 2-6, 2-7, 2-8, 3-2, 3-4, 3-6, 3-7, 3-8, 3-10, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുരുവട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്